# അന്തിമ പദ്ധതി രേഖ 2023-24

## മരുതറോഡ് ഗ്രാമപഞ്ചായത്ത്

# ആമുഖം

ബഹുമാന്യരേ,

കേരളത്തിൽ അധികാരത്തിൽ വന്ന ഇ. കെ നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആണ് ത്രിതല പഞ്ചായത്തുകൾക്ക് അധികാരവും വിഭവവും നൽകി 9-ാം പദ്ധതി ജനകീയ പദ്ധതി ആക്കി ജനകീയാസൂത്രണം നടപ്പിലാക്കിയത്. ഇതിലൂടെ പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളായി തീരുകയും ജനങ്ങളുടെ അഭിപ്രായം ഗ്രാമസഭകളിലൂടെ സ്വരൂപിച്ച് ഗ്രാമത്തിനുള്ളിൽ ഒട്ടനവധി വികസനപ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിനു മുൻപ് അധികാരവും വിഭവങ്ങളും ഇല്ലാത്ത പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ പഞ്ചായത്തുകൾ തികച്ചും പ്രാദേശിക സർക്കാരുകളായി മാറി കഴിഞ്ഞു.

13-ാം പഞ്ചവത്സര പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട് 14-ാം പഞ്ചവത്സര പദ്ധതിയുടെ ആരംഭവർഷത്തിൽ. ഞങ്ങളുടെ മുൻഗാമികൾ സഞ്ചരിച്ച വഴിയിലൂടെ വികസന പ്രക്രിയ തുടരണമെന്നാണ് ആഗ്രഹിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിച്ചു കഴിഞ്ഞ ഈ വേളയിൽ നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ ഈ വർഷവും രൂപപ്പെടേണ്ടതുണ്ട്. അതിനാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിലൂടെയും, ഗ്രാമസഭകളിലൂടെയും ശേഖരിച്ച് അന്തിമ പദ്ധതി രേഖ ഇവിടെ അവതരിപ്പിക്കുക യാണ്. താങ്കളെ പോലെയുള്ള വികസന പ്രവർത്തകരുടെ സമ്പുഷ്ടമായ ചർച്ചകളിലൂടെ 2023-24 വർഷത്തെ വികസന പ്രവർത്തനം കുറ്റമറ്റ രീതിയിൽ സമ്പൂർണ്ണാമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

മരുതറോഡ് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി

**രാമചന്ദ്രൻ. കെ.പി**
സെക്രട്ടറി

**പി. ഉണ്ണികൃഷ്ണൻ**
പ്രസിഡന്റ്

കല്ലേപ്പുള്ളി

# മരുതറോഡ് ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതി
# വാർഷിക പദ്ധതി 2023-24 അന്തിമ പദ്ധതി രേഖ

## ഉള്ളടക്കം


| അദ്ധ്യായം | ശീർഷകം | പേജ് |
|---|---|---|
| | പൊതുവിവരണം | |
| | പഞ്ചായത്ത് ഭരണസമിതി | |
| | ആസൂത്രണ സമിതി | |
| | വർക്കിംഗ് ഗ്രൂപ്പുകൾ | |
| | പഞ്ചായത്ത് ഭൂപടം | |
| 1. | വികസന സ്ഥിതി അവസ്ഥ | |
| 2. | നടപ്പ് വാർഷിക പദ്ധതി അവലോകനം | |
| 3. | പ്രശ്ന വിശകലനവും പരിഹാര സാദ്ധ്യതകളും | |
| 4. | വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം | |
| 5. | പ്രതീക്ഷിത വിഭവസ്രോതസ്സുകളും വകയിരുത്തലുകളും | |
| 6. | പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും | |
| 7. | പ്രത്യേക പദ്ധതികൾ/പരിപാടികൾ | |
| 8. | വായ്പാ ബന്ധങ്ങൾ | |
| 9. | സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും | |
| 10. | മോണിറ്ററിംഗ് | |

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മരുതറോഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മരുതറോഡ്, മലമ്പുഴ II |
| ബ്ലോക്ക് പഞ്ചായത്ത് | : | മലമ്പുഴ |
| താലൂക്ക് | : | പാലക്കാട് |
| ബ്ലോക്ക് ഡിവഷൻ | : | 1. മരുതറോഡ്<br>2. കൊട്ടേക്കാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | 1. മലമ്പുഴ |
| അസംബ്ലി മണ്ഡലം | : | മലമ്പുഴ |
| വിസ്തീർണ്ണം | : | 19.68 ച.കി.മീറ്റർ |
| അതിരുകൾ | : | വടക്ക് : കോരയാർ പുഴയും മലമ്പുഴ പഞ്ചായത്തും<br>കിഴക്ക് : പുതുശ്ശേരി എലപ്പുള്ളി പഞ്ചായത്തുകൾ<br>തെക്ക് : കൊടുമ്പ് പഞ്ചായത്ത്<br>പടിഞ്ഞാറ്: പാലക്കാട് മുനിസിപ്പാലിറ്റി |
| ജനസംഖ്യ | : | 34,627 |
| പുരുഷൻ | : | 17075 |
| സ്ത്രീകൾ | : | 17552 |
| വാർഡുകൾ | : | 19 |

# പഞ്ചായത്ത് ഭരണസമിതി

| പ്രസിഡന്റ് | സെക്രട്ടറി | വൈസ് പ്രസിഡന്റ് |
| --- | --- | --- |
| **പി. ഉണ്ണികൃഷ്ണൻ** | **രാമചന്ദ്രൻ. കെ.പി** | **നിർമ്മല. സി.** |

**സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ**

| | | |
| --- | --- | --- |
| **പി. രാധാകൃഷ്ൻ** | **ഗോപിനാഥൻ ഉണ്ണിത്താൻ** | **കൃഷ്ണകുമാരി. ആർ.** |
| (വികസനകാര്യം) | (ആരോഗ്യം വിദ്യാഭ്യാസം) | (ക്ഷേമകാര്യം) |

മെമ്പർമാർ :

കൃഷ്ണകുമാരി. ആർ. (വാർഡ് 1)
നിർമ്മല. സി. (വാർഡ് 2)
കൽപകം. എം. (വാർഡ് 3)
കൃഷ്ണകുമാരി. പി. (വാർഡ് 4)
സൗമ്യ വിനേഷ് (വാർഡ് 5)
ദീപ. സി. (വാർഡ് 6)
പി. രാധാകൃഷ്ണൻ (വാർഡ് 7)
എ. ആണ്ടവൻ (വാർഡ് 8)
രാഹുൽ. വി. (വാർഡ് 9)
പ്രവിത. എച്ച്. (വാർഡ് 10)
വി. ഹരിദാസ് (വാർഡ് 11)
പി. ഉണ്ണികൃഷ്ണൻ (വാർഡ് 12)
ഗോപിനാഥൻ ഉണ്ണിത്താൻ (വാർഡ് 13)
എ. അബുതാഹിർ (വാർഡ് 14)
റിനിത (വാർഡ് 15)
നിഷ. ജി. (വാർഡ് 16)
സജിത്ത്. എം. (വാർഡ് 17)
വിനേഷ് എസ്. കുമാർ (വാർഡ് 18)
ഗൗതമി. ജി. (വാർഡ് 19)

# പതിനാലാം പഞ്ചവൽസരപദ്ധതി (2022 - 27)

## മരുതറോഡ് ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി

| | | |
|---|---|---|
| 1. | പി. ഉണ്ണികൃഷ്ണൻ, പ്രസിഡന്റ് | അദ്ധ്യക്ഷൻ |
| 2. | പി. ഗോപിനാഥൻ, കല്ലേപ്പുള്ളി | ഉപാദ്ധ്യക്ഷൻ |
| 3. | രാമചന്ദ്രൻ. കെ.പി | കൺവീനർ |
| 4. | നിർമ്മല. സി., വൈസ് പ്രസിഡന്റ് | അംഗം |
| 5. | പി. രാധാകൃഷ്ണൻ, ചെയർമാൻ (വികസനകാര്യം) | അംഗം |
| 6. | ഗോപിനാഥൻ ഉണ്ണിത്താൻ, ചെയർമാൻ (ആരോഗ്യം-വിദ്യാഭ്യാസം) | അംഗം |
| 7. | കൃഷ്ണകുമാരി. ആർ., ചെയർപേഴ്സൺ (ക്ഷേമം) | അംഗം |
| 8. | കെ.ബി. മുരളീധരൻ | അംഗം |
| 9. | കെ. വത്സലൻ | അംഗം |
| 10. | എം. ശിവകുമാർ | അംഗം |
| 11. | കെ. അശോകൻ | അംഗം |
| 12. | മറിയം ജെറാൾഡ് | അംഗം |
| 13. | സുൽഫിക്കർ അലി | അംഗം |
| 14. | പി. രാധാകൃഷ്ണൻ | അംഗം |
| 15. | ചന്ദ്രശേഖരൻ. സി. കെ | അംഗം |
| 16. | ബിന്ദു കെ.സി., അസിസ്റ്റന്റ് സെക്രട്ടറി | അംഗം |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

1. രാമചന്ദ്രൻ. കെ.പി
2. ബിന്ദു കെ.സി., അസിസ്റ്റന്റ് സെക്രട്ടറി
3. ശ്രീപ്രിയ, അസിസ്റ്റന്റ് എഞ്ചിനിയർ
4. സുഭാഷ്, കൃഷി ഓഫീസർ
5. ഡോ. സുമ, വെറ്ററിനറി സർജൻ
6. ഡോ. പ്രഭാത്, ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി
7. ഡോ. ബിജി. വി.വി., സീനിയർ മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പൻസറി
8. ഡോ. കെ.എം. ബിജുമോൻ, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം
9. പ്രസാദ്, മധുസൂധനൻ വി.ഇ.ഒ
10. ശാരദ, സൂപ്പർ വൈസർ ICDS
11. ഷൈല. ഇ.വി, ഹെഡ്മിസ്ട്രസ്സ്, G.L.P.S.പടലിക്കാട്

# വർക്കിംഗ് ഗ്രൂപ്പുകൾ

(1) പൊതുഭരണവും ധനകാര്യവും

(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ, മുതലായവ)

(2) കൃഷി (ഉൽപ്പന്ന സംഭരണവും സംസ്ക്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം*, തൊഴിലുറപ്പു പദ്ധതി, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ

(3) മൃഗസംരക്ഷണവും ക്ഷീര വികസനവും

(4) പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം മുതലായവ

(5) ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

(6) സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ ഭിന്നലിംഗ വിഭാഗം മുതലായവ)

(7) വനിതാവികസനം

(8) പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം

(9) ആരോഗ്യം


(10) കുടിവെള്ളം, ശുചിത്വം മുതലായവ

(11) വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

(12) പൊതുമരാമത്ത്

വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

(13) ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം.



KORAYAR
MALAMPUZHA
PWD ROAD
PANCHAYAT
NEW WARD
NH 47
PANCHAYAT
SCHOOL
PANCHAYAT
BURIAL
VILLAGE
PLAY
POND
TEMPLE
CHURCH
ELAPPULLY GRAMA PANCHAYAT
PUDUSSERY GRAMA PANCHAYAT
N
S
E
W
NH 47
COIMBATORE
TO VENOLI
POLLACHI ROAD
KODUMBU GRAMA PANCHAYAT
KORAYAR PUZHA
KALLEPULLY JN
KALIPARA
KUNNAMKAD
ATHAPPARA
PADALIKKAD
CHEMMANKAD
KUPPIYODE
KANDATHUPARA
THEKKETHARA
ERATTAYAL
CHANDRANAGAR EXTENSION
PIRIVUSALA
ALAMPALLAM
CHANDRANAGAR
KUNNANUR
THEKKUMURI
KALLEPULLY
KUZHIYARKAD
THEKKONI
CHEMBALODE
GLPS
UPS

# അദ്ധ്യായം - I
# വികസനസ്ഥിതി അവസ്ഥ

## സാമൂഹ്യ - സാംസ്കാരിക ചരിത്രം

'നല്ല കൃഷിഭൂമി' എന്ന് അർത്ഥം വരുന്ന തമിഴ് പദമായ 'മരുത' എന്ന വാക്കിൽ നിന്നാണ് മരുതറോഡ് എന്ന പേര് ഉത്ഭവിച്ചതെന്ന് പറയപ്പെടുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന നമ്മുടെ ഭൂപ്രദേശത്തെ ജനങ്ങളുടെ ഭാഷയിലും സംസ്കാരത്തിലും ഇന്നു തമിഴ് സംസ്കാരത്തിന്റെ ലാഞ്ചനകളുണ്ട്. വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്ന വാളയാറിലെ നിബിഡവനങ്ങളിൽ കൂടി, പാലക്കാട് രാജാവിന്റെ അഭ്യർത്ഥന പ്രകാരം മൈസൂർ ഭരണാധികാരികൾ ഒരു പുതിയ പാത പാലക്കാട്ടേക്ക് വെട്ടിതെളിച്ചു. 1767ൽ ഈ പാത ഹൈദരാലി ഒരു പീരിങ്കിനിരത്താക്കി വികസിപ്പിച്ചു. തമിഴ്നാട്ടിൽ നിന്നും വാളയാറിലെ നിബിഡവന പ്രദേശങ്ങളിലെ ഈ കാട്ടുപാതയിലൂടെ പാലക്കാട്ടേക്ക് പ്രവേശിക്കുമ്പോൾ കാണുന്ന നല്ല കൃഷിഭൂമി മരുതറോഡ് എന്ന് അറിയപ്പെടാൻ ഇടയായി എന്ന് ചരിത്രകാരൻമാർ.

നെടുംപുറയൂർ സ്വരൂപത്തിന്റെ രാജവാഴ്ചയിൽ നാട്ടുകൂട്ടങ്ങളുടേയും ദേശകൂട്ടങ്ങളുടേയും ഹിതാനുസരണം നാടുവാഴികൾ അടക്കി ഭരിച്ചിരുന്ന പാലക്കാട് രാജ്യത്തിന്റെ ഭാഗമായിരുന്നു ഈ പഞ്ചായത്തിൽ ഉൾപ്പെട്ട ഭൂപ്രദേശങ്ങൾ.

ഇവിടെ നിലനിന്നിരുന്ന ജാതിജന്മി നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളായ തൊഴിൽ വിഭജനത്തിനെ അടിസ്ഥാനമാക്കിയുള്ള ആവാസകേന്ദ്രങ്ങൾ ഇന്നും പഴയജാതി പേരിൽ ആണ് അറിയപ്പടുന്നത്. ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന വിവിധ ആവാസ കേന്ദ്രങ്ങളെ അവരുടെ ജാതി പേരിനോടുചേർത്തുള്ള 'തറ'കളും 'കുടി'കളുമായാണ് ഇന്നും അറയപ്പെടുന്നത്. കൊട്ടേക്കാട്, പടലിക്കാട്, കുന്നംകാട്, കരുമൻകാട്, ചെമ്മൻകാട്, ഇരുപ്പക്കാട്, അയ്യപ്പൻ കാട്, പാഞ്ചീരിക്കാട് തെക്കേക്കാട് തുടങ്ങിയ സ്ഥലനാമങ്ങൾ രൂപപ്പെട്ടത് നമ്മുടെ ഭൂപ്രദേശത്ത് കൂടി ഒരുകാലത്ത് വ്യാപിച്ചുകിടന്നിരുന്ന മലമ്പുഴയോടും വാളയാറിനോടും ചേർന്നുള്ള കാട്ടുപ്രദേശങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നാവാം.

പഞ്ചായത്തിൽ ഇന്ന് ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ഭൂരിഭാഗവും ആദ്യകാലത്ത് എക്കണത്ത് വലിയകൈമൾ എന്ന ജന്മിയുടെ വകയായിരുന്നു. പിന്നീട് ഈ ഭൂമികൾ 12 ജന്മിന്മാരുടയും ക്ഷേത്രദേവസ്വങ്ങളുടെയും ഉടമസ്ഥയിൻ കീഴിലായി. മരുതറോഡ് മന, കുറൂർമന, കേനാത്ത് അച്ഛൻ, മേനക്കത്ത് തെയ്യുണ്ണി മേനോൻ, സുന്ദരൻ ചെട്ടിയാർ, കുത്തനൂർ ഐയിരു മനക്കൽ, നെല്ലിശ്ശേരിമഠം, കെ.പി.എസ്സ് മണി അയ്യർ, ലക്ഷ്മീ നാരായണയ്യർ, സുബ്രഹ്മണ്യയ്യർ തുടങ്ങിയ ജന്മിമാരും തിരുവാലത്തൂർ, തിരുമനക്കോട് ക്ഷേത്ര ദേവസ്വങ്ങളും ആയിരുന്നു ഭൂവുടമകൾ.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ

ത്യാഗസുരഭിലമായ പങ്കുവഹിച്ച ദേശാഭിമാനികളും ഇവിടെ ജീവിച്ചിരുന്നു. ഇവരിൽ പ്രധാനി കല്ലേപ്പുള്ളി കെ.ആർ. കൃഷ്ണൻകുട്ടി പണക്കരായിരുന്നു. നിയമലംഘന പ്രസ്ഥാനം കൊടുമ്പിരി കൊണ്ട നാളുകളിൽ റയിൽപാളം തകർത്ത് അട്ടിമറി സംഘടിപ്പിച്ചു എന്ന കുറ്റമാരോപിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ശ്രീ കോഴിപ്പുറത്ത് മാധവമേനോൻ തുടങ്ങിയ ദേശീയ നേതാക്കളോടൊപ്പം ശ്രീ കൃഷ്ണൻകുട്ടി പണിക്കരെ ബെല്ലാരി, സേലം തുടങ്ങിയ ജയിലുകളിൽ തടവിലിട്ടു. പാലക്കാട്ട് കോട്ടക്കുമുകളിൽ ത്രിവർണ്ണ പതാക ഉയർത്താൻ ശ്രമിച്ചതിന് അദ്ദേഹത്തെ മർദ്ദിക്കുകയും ജയിലിലടക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനത്തിന്റെ ജാഥ നയിച്ചതിന് ഇവിടുത്തെ നാട്ടു പ്രമാണിമാർ അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചതും നമ്മുടെ കാരണവന്മാരുടെ മനസ്സുകളിൽ നിന്ന് ഇന്നും മാഞ്ഞുപോയിട്ടില്ല.

1940-തുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കടന്നുവരവ് പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. യശഃശരീരരായ ശ്രീ. പി. കുഞ്ഞിരാമൻ മാസ്റ്ററും, ആലത്തൂർ ആർ. കൃഷ്ണൻ, മുണ്ടക്കോട് ചന്ദ്രൻ തുടങ്ങിയവരിലൂടെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ പ്രവർത്തനം ആരംഭിച്ചത്.

1950കളുടെ ആദ്യം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കർഷകസമരങ്ങൾ വളർന്നുവന്നു. ''കൃഷിഭൂമി കർഷകന്'' എന്ന മുദ്രാവാക്യങ്ങളുയർത്തി നടത്തിയ സമരങ്ങൾക്ക് കൊട്ടേക്കാട് എം.വി.വാസു, കെ.പി.കണ്ടുണ്ണി തുടങ്ങിയവർ നേതൃത്വം കൊടുത്തു. മലബാറിൽ അലയടിച്ചുയർന്നുവന്ന കർഷകസമരത്തോടൊപ്പം പങ്കുചേർന്നുകൊണ്ട് നടത്തിയ പോരാട്ടങ്ങൾ നമ്മുടെ ജനങ്ങളുടെ സാമൂഹ്യ രാഷ്ട്രീയ ബോധത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി.

ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമിയുടെ ഉടമാവകാശം 12 ജന്മികളിൽ നിന്നും കർഷകരുടെ കൈകളിലേക്ക് വന്നുചേർന്നത് സാമൂഹ്യജീവിത നിലവാരത്തിൽ വമ്പിച്ച മാറ്റങ്ങളാണ് വരുത്തിത്തീർത്തത്. മഹാഭൂരിപക്ഷം സാധാരണക്കാർ ഭൂവുടമസ്ഥരായി മാറി. പിന്നീട് എ.കെ.ജി. യുടെ നേതൃത്വത്തിൽ നടന്ന മിച്ചഭൂമിസമരത്തിൽ നമ്മുടെ പ്രദേശത്ത് നിന്നും സ്ത്രീകളുൾപ്പെടെ 13 പേർ വിയ്യൂർ സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു. ധാരാളം പാവപ്പെട്ട കർഷകതൊഴിലാളികൾക്ക് സ്വന്തമായി ഭൂമി കിട്ടിയത് ത്യാഗോജ്ജ്വലമായ ആ സമരത്തിൽ കൂടിയായിരുന്നു എന്ന സത്യം വിസ്മരിക്കാൻ ആവില്ല. മിനിമം കൂലിക്കും ജോലി സ്ഥിരതയ്ക്കും വേണ്ടി നിരന്തരം പോരാട്ടത്തിലൂടെ വളർച്ച പ്രാപിച്ച സുസംഘടിതമായ ഒരു കർഷക തൊഴിലാളി പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിലുണ്ട്.

1950കളിലെ മലമ്പുഴ ഡാമിന്റെ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള ജലസേചന പദ്ധതിയും നമ്മുടെ കാർഷികഭൂമിയുടെ ഉൽപ്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കി.

1964 ജനുവരി 1 ന് ഇന്നത്തെ രൂപത്തിലുള്ള മരുതറോഡ് പഞ്ചായത്ത് നിലവിൽ വന്നു. അതിനുമുമ്പ് കൊട്ടേക്കാട്, കല്ലേപ്പുള്ളി, മരുതറോഡ് എന്നീ മൂന്ന് ഗ്രാമ പഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. സർവ്വശ്രീ രാമകൃഷ്ണൻ, വി. പത്മനാഭൻ, കുട്ടിശങ്കര മേനോൻ എന്നിവരായിരുന്നു ഈ ഗ്രാമപഞ്ചായത്തുകളിലെ അവസാനത്തെ പ്രസിഡന്റുമാർ. പിന്നീട് പഴയ മരുതറോഡ് ഗ്രാമപഞ്ചായത്തും കൊട്ടേക്കാട്, കല്ലേപ്പുള്ളി

ഗ്രാമപഞ്ചായത്തുകളുടെ കുറെ ഭാഗങ്ങളും ചേർത്തുകൊണ്ട് രൂപം കൊണ്ടതാണ് ഇപ്പോഴുള്ള മരുതറോഡ് പഞ്ചായത്ത്. ബാക്കിയുള്ള കല്ലേപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ കുറേ പ്രദേശങ്ങൾ പാലക്കാട് മുനിസിപ്പാലിറ്റിയിലും കൊട്ടേക്കാട് ഗ്രാമപഞ്ചായത്തിലെ വാരണി, കാഞ്ഞിരക്കടവ്, കുനുപ്പുള്ളി, ആരക്കാട്, ആറങ്ങോട്ടുകുളമ്പ് തുടങ്ങിയ പ്രദേശങ്ങൾ മലമ്പുഴ പഞ്ചായത്തിലും ഉൾപ്പെട്ടു.

പഞ്ചായത്തിന്റെ ആദ്യകാലത്ത് കൈപൊക്കി വോട്ടുച്ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. രഹസ്യ ബാലറ്റ് സമ്പ്രദായപ്രകാരം ആദ്യ തെരഞ്ഞെടുപ്പ് നടന്നത് 1963-ൽ ആണ്. പുതുതായി നിലവിൽ വന്ന മരുതറോഡ് പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ആലമ്പള്ളം വി. പത്മനാഭനായിരുന്നു.

പട്ടിക -1, **പഞ്ചായത്ത് പ്രസിഡന്റുമാർ**

| കാലയളവ് | പ്രസിഡന്റുമാർ |
|---|---|
| 1964 - 1966 | വി. പത്മനാഭൻ |
| 1966 - 1967 | എം.വി. സുകുമാരൻ |
| 1967 - 1980 | അച്യുതൻ |
| 1980 - 1985 | കെ. മാധവമേനോൻ |
| 1988 - 1995 | എ.പ്രഭാകരൻ |
| 1995 - 2000 | എസ് രാധാമണി. |
| 2000 - 2005 | പി. ഉണ്ണികൃഷ്ണൻ |
| 2005 - 2010 | പി. ഗോപിനാഥൻ |
| 2010 - 2015 | എം. ശിവകുമാർ |
| 2015 - 2016 | ഇന്ദിര |
| 2016 - 2020 | രാജലക്ഷ്മി |
| 2020 | പി. ഉണ്ണികൃഷ്ണൻ |

വികസനരംഗത്ത് പഞ്ചായത്തിൽ എടുത്തുപറയാവുന്ന തരത്തിൽ ശീഘ്രഗതിയിലുള്ള മാറ്റങ്ങൾ ഉണ്ടായത് ശ്രീ. എ. പ്രഭാകരന്റെ നേതൃത്തിലുള്ള ഭരണസമിതിയുടെ കാലഘട്ടത്തിലായിരുന്നു.

## *വിദ്യാഭ്യാസ സാംസ്കാരിക രംഗം*

1905- ൽ കൊട്ടേക്കാടും കല്ലേപ്പുള്ളിയിലും രണ്ടു പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ചതോടുകൂടിയാണ് നമ്മുടെ പ്രദേശത്തെ ആധിനുക വിദ്യാഭ്യാസത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ഇതിൽ ആദ്യകാലത്ത് രാമനാഥപുരം ഗോപാലകൃഷ്ണയ്യർ മാസ്റ്ററും അമ്പതുകളിൽ പി.കുഞ്ഞിരാമൻ മാസ്റ്ററും നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. നമ്മുടെ പഞ്ചായത്തിലെ ചെമ്മങ്കാട് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആരംഭിച്ച എൽ.പി. സ്കൂളും ആദ്യകാലത്ത് വിദ്യാകേന്ദ്രങ്ങളിൽ ഒന്നായിരുന്നു. എരട്ടയാൽ സ്ക്കൂളിന്റെ പുനരുദ്ധാരണത്തിന് കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ പൗരസംഘം രൂപീകരിച്ച് ജനങ്ങൾ നടത്തിയ സന്നദ്ധപ്രവർത്തനം അമ്പതുകളിൽ ഉയർന്നുവന്ന കൂട്ടായ്മയുടേയും സംഘ ബോധത്തിന്റേയും ഓർമ്മകളായി ജനമനസ്സുകളിൽ ഇന്നും നിലനിൽക്കുന്നു.

1947 -ൽ കൊട്ടേക്കാട് ആരംഭിച്ച പൊതുവായനശാലയും 1957-ൽ എരട്ടയാലിൽ അരംഭിച്ച ഉദയകേരള ഗ്രന്ഥശാലയും ആയിരുന്നു പഞ്ചായത്തിലെ ആദ്യകാല വിജ്ഞാനകേന്ദ്രങ്ങൾ.

(പഞ്ചായത്തിലെ പഴയ പ്രശ്നങ്ങൾ പലതും പുതിയ പ്രശ്നങ്ങൾക്ക് വഴിമാറുക യാണ്. കാർഷികരംഗത്ത് ഉണർവ് നഷ്ടപ്പെടുകയും കൃഷിയോടുള്ള താല്പര്യം കുറ യുകയും ചെയ്തിട്ടുണ്ട്. സ്ഥായിയായി തൊഴിലവസരങ്ങൾ തേടുന്ന പുതിയ തലമുറയ്ക്ക് ആശ്വാസമേകാൻ കഴിയുന്ന കാർഷിക- വ്യവസായ മേഖലകളിൽ ഉൾക്കാഴ്ചയോടു കൂടിയ വികസന തന്ത്രങ്ങളും ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പുത്തൻ വികസന ശൈലിയും സ്വീകരിക്കേണ്ടതുണ്ട്. സാമൂഹ്യ- സാമ്പത്തിക രംഗങ്ങളിൽ നിന്നും അന്യ വൽക്കരിക്കപ്പെട്ട ബഹുഭൂരിപക്ഷം സ്ത്രീകളെ സമൂഹനിർമ്മാണത്തിന്റെ മുൻനിരയി ലേക്ക് കൊണ്ടുവരാൻ ബോധപൂർവ്വമായ ഇടപെടലുകൾ അനിവാര്യമാണ്. ഇന്ന് നിലനിൽ ക്കുന്ന ഇത്തരം പ്രശ്നങ്ങളെ മനസ്സിലാക്കി പരിഹരിക്കുന്നതിലൂടെ മാത്രമെ നമ്മുടെ പഞ്ചായത്തിന് ഇനി മുന്നോട്ടു പോകുവാൻ ആവുകയുള്ളൂ.)

## ഭൂപ്രകൃതിയും വിഭവങ്ങളും

### *1. ഭൂപ്രകൃതി*

സമുദ്ര നിരപ്പിൽ നിന്നും 457 അടി ഉയരത്തിൽ പാലക്കാടിന്റെ കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മരുതറോഡ് പഞ്ചായത്ത്. വടക്കു പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്ന ഈ ഭൂപ്രദേശം സമതലങ്ങളും താരതമ്യേന ഉയർന്ന പ്രദേശങ്ങളും ഉൾക്കൊ ള്ളുന്നതാണ്. തെക്കുഭാഗത്ത് എൻ.എച്ച്. 47 നോട് ചേർന്ന കണ്ടാത്തുപാറ കുന്നക്കാട് പ്രദേശത്ത് അര കിലോമീറ്റർ വിസ്തൃതിയിൽ പാറക്കെട്ടുകൾ കാണപ്പെടുന്നു. കല്ലേ പ്പുള്ളിക്ക് തൊട്ടു കിഴക്കു ഭാഗത്തും ചെറിയ തോതിൽ പാറക്കെട്ടുകൾ ഉണ്ട്. പടലിക്കാട്, കുന്നംങ്കാട്, കല്ലേപ്പുള്ളി, ചരിഞ്ഞ പ്രദേശങ്ങളും കാളിപ്പാറ ചെറിയ ചരിവോടുകൂടിയ സമതല പ്രദേശവും മണലി, എരട്ടയാൽ, സൂര്യചിറ, എന്നീ പ്രദേശങ്ങൾ സമതല ങ്ങളുമാണ്. ഭൂപ്രകൃതി അനുസരിച്ച് മരുതറോഡിനെ മൂന്നു മേഖലകളായി തിരിക്കാം.

1. ഉയർന്ന പ്രദേശം
2. ചരിഞ്ഞ പ്രദേശം
3. സമതലം

| ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| 1. ഉയർന്ന സമതലം | 80 | 5.3% |
| 2. ചെറു ചെരിവ് | 560 | 35.2% |
| 3. സമതലം | 948 | 59.69% |
| ആകെ | 1588 | 100% |

***മൺതരങ്ങൾ***

പഞ്ചായത്തിന്റെ വടക്കൻ ഭൂപ്രദേശങ്ങളിൽ പശിമയുള്ള കളിമണ്ണും തെക്കോട്ട് വരുന്തോറും പൊതുവെ ചെമ്മണ്ണും മണലും കലർന്നതാണ് പ്രധാന മൺതരങ്ങൾ.

പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി ഒഴുകുന്ന കോരയാർ പുഴയിൽ വേനൽ കാലത്ത് വെള്ളമുണ്ടാവാറില്ല.

മാർച്ച് ഏപ്രിൽ മാസങ്ങളിൽ ചുരം കടന്നു വരുന്ന ചൂട്, കാറ്റ് വരണ്ട കാലാവ സ്ഥയ്ക്ക് കാരണമാകുന്നു.

***2. ജനപ്രകൃതി***

മരുതറോഡ്ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 34627 ആണ്. ഇതിൽ 17075 പുരുഷ ന്മാരും 17552 സ്ത്രീകളുമാണ്.

പട്ടികജാതിയിൽപെട്ട ആളുകൾ മൊത്തം ജനസംഖ്യയുടെ 13.93 ശതമാനം വരും. വൃദ്ധരേയും കുട്ടികളേയും ഒഴിച്ചു നിർത്തിയാൽ തൊഴിലെടുക്കാൻ ശേഷിയുള്ളവരിൽ 45.72% പേർക്കാണ് തൊഴിലുള്ളത്. ഇവരിൽ 30% സ്ത്രീകളാണ്.

***സാക്ഷരതാ നിലവാരം:***

സാക്ഷരതയിൽ സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ് നമ്മുടെ സ്ഥാനം. ഏകദേശം 27574 ത്തോളം പേരാണ് സാക്ഷരരായിട്ടുള്ളത്. ഇത് ആകെ ജനസംഖ്യയുടെ 80% ത്തോളമേ വരികയുള്ളൂ.

***തൊഴിലും വരുമാനവും:***

കാർഷിക രംഗത്തെ മുരടിപ്പും തൊഴിൽ ദിനങ്ങളുടെ കുറവും കാരണം വരുമാന ത്തിന് മറ്റുമേഖലകളിലേക്ക് തൊഴിൽ തേടി പോകുന്നവരുടെ എണ്ണം വർദ്ധിച്ചു വരിക യാണ്.

കെട്ടിട നിർമ്മാണമേഖലയും, കഞ്ചിക്കോട് വ്യവസായ മേഖലയും പ്രദാനം ചെയ്ത പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള തൊഴിൽ സാദ്ധ്യതകളാണ് രൂക്ഷമായ തൊഴിലില്ലായ്മയെ ഒരു പരിധിവരെയെങ്കിലും തടഞ്ഞു നിർത്തിയിരുന്നത്. കഞ്ചിക്കോട് വ്യവ്യസായ മേഖലയും കാർഷിക മേഖലയും ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുക യാണ്. വ്യവസായ മേഖലയിലേക്ക് പോകുന്ന ഏറെപേരും അവിദഗ്ധകരും അസംഘടി തരുമാണ്. തന്മൂലം മെച്ചപ്പെട്ട വേതനമോ ജോലി സ്ഥിരതയോ ഇവർക്ക് ലഭിക്കുന്നില്ല. മാത്രമല്ല അന്യസംസ്ഥാന തൊഴിലാളികളുടെ ആധിക്യം തദ്ദേശ തൊഴിലാളികളുടെ അവസരങ്ങൾ ഗണ്യമായി കുറച്ചിട്ടുമുണ്ട്. യുവ തലമുറയിലെ നൈപുണ്യം നേടിയിട്ടുള്ള

തൊഴിലന്വോഷകരെ ആകർഷിക്കുന്ന രീതിയിലേക്ക് ഐ.ടി. മേഖലയെ വികസിപ്പിച്ചെടുത്ത് കഞ്ചിക്കോട് ഒരു ഐ.ടി ഹബ്ബിന് വഴിയൊരുക്കുന്നത് ഗുണകരമായിരിക്കും

പട്ടിക -3 (അവലംബം 2011 സെൻസസ്)

| നമ്പർ | ഇനം | എണ്ണം | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| 1. | ജനസംഖ്യ | 34627 | 17552 | 17075 |
| 2. | പട്ടികജാതി / പട്ടികവർഗ്ഗം<br>ഒറ്റപ്പെട്ടു താമസിക്കുന്നവർ | 4825<br>117 | 2460<br>57 | 2365<br>60 |
| 3. | തൊഴിലുള്ളവർ | 7583 | 2274 | 5309 |
| 4. | സാക്ഷരർ | 27574 | 13298 | 14276 |
| 5. | കർഷകർ (കൃഷി മുഖ്യവരുമാനമായി സ്വീകരിച്ചവർ) | 744 | - | - |

### *3. ജലപ്രകൃതി*

***മഴ:***

വർഷത്തിൽ **ശരാശരി 2024.4** മി.മീറ്റർ മഴയാണ് നമുക്ക് കിട്ടുന്നത്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. പാലക്കാട് ചുരത്തിനോട് ചേർന്നുള്ള മരുത റോഡിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഇതിന്നൊരു കാരണമാകാം. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ അന്തരീക്ഷ ഊഷ്മാവ് 38° സെന്റിഗ്രേഡ് മുതൽ 42 ഡിഗ്രി സെന്റിഗ്രേഡ് വരെ ഉയർന്നുവരുന്നു.

***ജലസ്രോതസ്സുകൾ:***

5.9 കി.മീറ്റർ കോരയാർപുഴയും 4.8 കി.മീറ്റർ തിരുമുണ്ടിക്കാട് തോടും, 8.കി. മീറ്റർ വരുന്ന മലമ്പുഴ കനാലും 15 സെന്റുമുതൽ 2 1/4 ഏക്കർ വരുന്ന വിസ്തീർണ്ണമുള്ള 112 കുളങ്ങളും ഉൾപ്പെടുന്നതാണ് നമ്മുടെ സ്വാഭാവിക ജലശ്രോതസ്സുകൾ.

***മണ്ണൊലിപ്പ്:***

അരുകുടി, പടലിക്കാട്, കുന്നംങ്കാട്, പ്രദേശങ്ങളിൽ സാരമായ തോതിൽ മണ്ണൊലിപ്പ് ഭീഷണി നേരിടുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം മഴ വെള്ളത്തിന്റെ ഏറിയ പങ്കും തിരുമുണ്ടിത്തോട്, കോരയാർ പുഴ വഴി വളരെ വേഗം പുറത്തേക്ക് ഒഴുകിപോകുന്നു.

## അദ്ധ്യായം – 2

# നടപ്പ് വാർഷിക പദ്ധതി അവലോകനം

### പൊതുഭരണവും ധനകാര്യവും

മറ്റു പഞ്ചവത്സര പദ്ധതികളിൽ നിന്നും വ്യത്യസ്ഥമായി പ്രോജക്റ്റ് വെറ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടത്, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ക്കാലത്താണ്, പൊതുഭരണവും ധനകാര്യവുമായി ബന്ധപ്പെട്ട് വൻമുന്നേറ്റം ഉണ്ടായ കാലഘട്ടമാണ് പന്ത്രണ്ടാം പദ്ധതി കാലത്തേത്. ഗ്രാമപഞ്ചായത്താഫീസ് നവീകരിക്കലും കമ്പ്യൂട്ടർവൽക്കണവും നടന്നത് ഇക്കാലത്താണ്. ജനന മരണ വിവാഹ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കിയതും ഇതേ കാലയളവിലാണ്. ILGMS പോലെയുള്ള നൂതനമായ സോഫ്റ്റ് വെയറുകൾ സേവനം ധ്രുതഗതിയിലാക്കുന്നു.

കേരളത്തിലെ തന്നെ രണ്ടാമത്തെ വൈദ്യുതി ശ്മശാനമായ ചന്ദ്രനഗർ വൈദ്യുതി ശ്മശാനം പുതുക്കിപണിഞ്ഞ് പുതിയ ഫർണസ് സ്ഥാപിക്കുന്നതിന് 6175000 രൂപയും പരിസ്ഥിതി സൗഹൃദമാക്കുന്നതിനുവേണ്ടി വാട്ടർസ്ക്രബ്ബർ സ്ഥാപിക്കുവാൻ 10,18,500 രൂപയും ചെലവു ചെയ്തു.

വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും തെരുവുവിളക്കൾക്കാവശ്യമായ മീറ്റർ സ്ഥാപിക്കുവാൻ തുക ചെലവു ചെയ്തു. ഗ്രാമ പഞ്ചായത്താഫീസിലെ മീറ്റിംഗ് ഹാൾ നവീകരണം നടത്തുകയും ISO സർട്ടിഫിക്കേഷൻ നേടുകയും ചെയ്തു. ഗുണനിലവാരമുള്ള ശുദ്ധജലം വിതരണം ഓരോ ഗൃഹത്തിലും എത്തിക്കുന്നതിന്റെ ഭാഗമായി ജലജീവൻ മിഷൻ മുഖാന്തിരം എല്ലാ വാർഡുകളിലും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കാൻ സാധിച്ചു. എല്ലാ സേവനങ്ങളും അപേക്ഷകർക്ക് തന്നെ Download ചെയ്യാനുള്ള സൗകര്യം ഇന്നുണ്ട് Front Office സംവിധാനം, ഫയൽ നീക്കങ്ങളും മറ്റ് സേവനങ്ങളും സുതാര്യമാക്കുന്നു.

### കൃഷി

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ജലസംരക്ഷണം ഉറപ്പാക്കുന്ന തിനും കഴിഞ്ഞു. ഉഴവുകൂലി ലഭ്യമാക്കി. കൂടാതെ പച്ചക്കറി വികസനവുമായി ബന്ധപ്പെട്ട് ഗ്രോബാഗ് നൽകുന്നതിനും അതുവഴി ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നും അടുക്കളത്തോട്ടങ്ങൾ ഒരുക്കാൻ പ്രചോദനം നൽകുന്നതിനും കഴിഞ്ഞു.

തൊഴിലാളിക്ഷാമവും ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും വന്യജീവി ആക്രമണവുമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കാർഷിക മേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണം

കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കന്നുകുട്ടി പരിപാലനം, കോഴി വളർത്തൽ, പശുവളർത്തൽ എന്നീ മേഖലകളിൽ പദ്ധതി വിഹിതം കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിഞ്ഞു. മൃഗാശുപത്രിക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തി. ഈ മേഖലയിൽ മുഴുവൻ തുകയും ചെലവഴിക്കുവാൻ സാധിച്ചു.

മേച്ചിൽപ്പുറങ്ങളുടെ കുറവ്, ശാസ്ത്രീയ പരിപാലനത്തെക്കുറിച്ചുള്ള അറിവില്ലായ്മ, കന്നുകാലിവളം ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ പറ്റാത്ത സ്ഥിതി വിശേഷം എന്നിവ ഈ മേഖലയിലെ പ്രശനങ്ങളാണ്.

## പ്രാദേശിക സാമ്പത്തിക വികസനം

വൻകിട സംരംഭങ്ങളേക്കാൾ ഒരുപ്രദേശത്ത് വികസന മാതൃകകൾ സൃഷ്ടിക്കാൻ കഴിയുന്നത് ചെറുകിട വ്യവസായിക യൂണിറ്റുകൾക്കാണ്. മാതൃകാപരമായി പ്രവൃത്തിക്കുന്ന ചെറുകിട യൂണിറ്റുകൾ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ട്. 'ലാസ' ഐസ്ക്രീം ഫാക്ടറി ഒരു ഉദാഹരണമാണ്. ചെറുകിട എഞ്ചിനിയറിംഗ് സ്ഥാപനങ്ങൾ, അലമാര നിർമ്മാണ യൂണിറ്റുകൾ, അലുമിനിയം പാത്രം നിർമ്മിക്കുന്ന യൂണിറ്റുകൾ, ചന്ദ്രനഗർ കേന്ദ്രീകരിച്ച് എല്ലാ വിധത്തിലുമുള്ള കച്ചവടസ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഗ്രാമപഞ്ചായത്തിൽ നിലനിന്നുവരുന്നു. വസ്തുനികുതിയിൽ കുറവു വരുത്തിയതുൾപ്പെടെയുള്ള സഹായ സഹകരണങ്ങൾ ഗ്രാമപഞ്ചായത്ത് ചെയ്തുവരുന്നു. കുടുംബശ്രീ മൈക്രോ സംരംഭങ്ങളും ജനകീയ ഹോട്ടലുകൾ ആരംഭിച്ചതും പ്രാദേശിക സാമ്പത്തിക വികസനത്തിനും ഭക്ഷ്യലഭ്യതക്കും സാദ്ധ്യത ഉണ്ടാക്കി.

## മരുതറോഡ് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവുകൾ

| ക്രമ നമ്പർ | ഫണ്ട് ഇനം | 2022-23 അർഹമായ വിഹിതം | 24.03.2023 വരെ ചെലവഴിച്ച തുക |
|---|---|---|---|
| 1. | സാധാരണ വിഹിതം | 28581000 | 22732557 |
| 2. | പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) | 11982000 | 9467166 |
| 3. | പട്ടിക വർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) | 0 | 0 |
| 4. | 14-ാം ധനകാര്യ കമ്മീഷൻ | 9240000 | 6812135 |
| 5. | റോഡിതരം | 6531000 | 4542442 |
| 6. | റോഡ് | 14417000 | 9976307 |

## 2022-2023 Implementing Officerwise Expenditure Report (Approved Projects)

മരുതറോഡ് ഗ്രാമപഞ്ചായത്ത്

| Sl No | Implenting Officer | Proj. Count | Plan Foud | MG Fund | Total | Plan EXP | MG EXP | Total EXP | Plan Per | MG Per | Totel Per |
|---|---|---|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4165750 | 0 | 9451750 | 4064545 | 0 | 7386157 | 97.57 | 0.00 | 78.15 |
| 2 | വെറ്ററിനറി സർജൻ | 12 | 3156000 | 95000 | 6186000 | 2342000 | 95000 | 2807600 | 74.21 | 100.00 | 45.39 |
| 3 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി/സി.എച്ച്.സി | 11 | 878812 | 1100000 | 2325259 | 602282 | 685805 | 1289646 | 68.53 | 62.35 | 55.46 |
| 4 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 0 | 400000 | 400000 | 0 | 400000 | 400000 | 0.00 | 100.00 | 100.00 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 200000 | 700000 | 900000 | 200000 | 700000 | 900000 | 100.00 | 100.00 | 100.00 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 7186400 | 0 | 12300000 | 4475000 | 0 | 4475000 | 62.27 | 0.00 | 36.38 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5190000 | 0 | 8090000 | 4442093 | 0 | 5042093 | 85.59 | 0.00 | 62.33 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 401000 | 0 | 661000 | 318184 | 0 | 318184 | 79.35 | 0.00 | 48.14 |
| 9 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 27 | 10438784 | 1500000 | 23512094 | 5582774 | 827359 | 7392040 | 53.48 | 19.16 | 31.44 |
| 10 | ഹെഡ്മാസ്റ്റർ, ഗവണ്മെന്റ് എൽ.പി.സ്കൂൾ | 8 | 1200000 | 340470 | 1925470 | 840405 | 0 | 989155 | 70.03 | 0.00 | 51.37 |
| 11 | വില്ലേജ് എക്സൻഷൻ ഓഫീസർ | 12 | 10224167 | 0 | 84367077 | 4055130 | 0 | 4693340 | 39.66 | 0.00 | 5.56 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭ) | 93 | 11953245 | 20560197 | 51316469 | 4778480 | 10843382 | 21821249 | 39.98 | 52.74 | 42.52 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 15 | 5926500 | 0 | 8403000 | 2828987 | 0 | 3670020 | 47.73 | 0.00 | 43.68 |
| | | | **60920658** | **24695667** | **209838119** | **34529880** | **13011546** | **61184484** | **56.68** | **52.69** | **29.16** |

## അദ്ധ്യായം – 3
# പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

1. **പൊതുഭരണവും ധനകാര്യവും**

സുതാര്യവും അഴിമതിരഹിതവും സമയബന്ധിതവുമായ സേവനം നൽകുന്നതിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്ന ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഗ്രാമപഞ്ചായത്താഫീസിൽ ലഭ്യമാണെങ്കിലും സൗകര്യങ്ങളുടെ പരിപാലനം ആത്യാവശ്യമാണ്. സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷനിലൂടെ ലഭ്യമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസിനൊപ്പം തന്നെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ സേവനങ്ങളും ആധുനിക വൽക്കരിച്ചതിനാൽ സേവനങ്ങൾ ഉടൻ തന്നെ നൽകുവാൻ സധിക്കുന്നുണ്ട്.

2. **കൃഷി**

**കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹാരങ്ങൾ**

**പ്രശ്നങ്ങൾ**

1. കാർഷിക മേഖല കൂടുതൽ യന്ത്രവൽ കൃതമായിട്ടുണ്ടെങ്കിലും കർഷകർ പാരമ്പര്യ കൃഷിസമ്പ്രദായം തന്നെ തുടർന്ന് കൊണ്ടുപോകുണ്ട്.
2. മണ്ണിന്റെ ഘടന അനുസരിച്ചല്ല വിളയിറക്കുന്നത് പാലക്കാട് ജില്ലയെ സംബന്ധിച്ച് നെല്ല് ഗവേഷണ കേന്ദ്രത്തിന്റേയും കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടേയും നിരന്തര സമ്പർക്കം പാടശേഖരങ്ങൾക്ക് ലഭ്യമാക്കുക.
3. വർദ്ധിച്ചുവരുന്ന കൃഷി ചെലവ് കർഷകരെ കൃഷിയിൽ നിന്ന് പിൻമാറുവാൻ പ്രേരിപ്പിക്കുന്നു.
4. കൃഷിക്കാവശ്യമായ ജലസേചന സംവിധാനം ശരിയായ രീതിയിൽ നടക്കുന്നില്ല. കാലാവസ്ഥയെ മാത്രം ആശ്രയിച്ചു കൃഷി നടത്തുന്നവരാണ് ഏറിയ കർഷകരും.
5. കൊയ്ത് എടുത്ത നെല്ല് കേട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള അസൗകര്യം ഒട്ടുമിക്ക കർഷകരേയും ബാധിക്കുന്നു. നെല്ല് സംഭരിക്കുന്നതിന് സ്വകാര്യ മില്ലുകളെ ഏല്പിക്കുന്നത് മൂലം മില്ലുകാരുടെ ചൂഷണത്തിന് കർഷകർ വിധേയരാകുന്നു. കൊയ്ത നെല്ലിൽ വേസ്റ്റ് എന്ന നിലയിൽ വലിയ ശതമാനം കുറവ് വരുത്തുന്നത് കർഷകരെ ദോഷകരമായി ബാധിക്കുന്നു.
6. സംഭരണം വ്യാപകമാക്കിയെങ്കിലും സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്തു തന്നെ ലഭിക്കുന്നില്ല.

7. കോരയാർ പുഴ, തിരുമുണ്ടിത്തോട് എന്നിവയിൽ ഈ മഴക്കാലത്ത് ഒഴുകി പോകുന്ന വെള്ളം തടഞ്ഞു നിർത്തി എല്ലാ സമയത്തും കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല.

8. നിലവിലുള്ള എല്ലാ പൊതുകുളങ്ങളും, സ്വകാര്യകുളങ്ങളും ഇന്ന് ഉപയോഗശൂന്യ മായി കിടക്കുന്നു. കർഷിക ആവശ്യത്തിന് വേണ്ടി ഉപയോഗിച്ച പല സ്വകാര്യ കുളങ്ങളും മണ്ണ് ഇട്ട് തൂർക്കുന്നതു സർവ്വസാധാരണമായിരിക്കുന്നു.

9. കൊയ്ത്ത് യന്ത്രത്തിന്റെയും അനുബന്ധ കാർഷിക യന്ത്രങ്ങളുടെയും ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ആയത് നിയന്ത്രിക്കുവാൻ ആവശ്യമായ നടപടി ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാവണം. ഇത്തരം യന്ത്രങ്ങൾ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും സ്വകാര്യ വ്യക്തികൾ കൊണ്ടുവരുന്നത് ചൂഷണം ചെയ്യപ്പെടുന്നുണ്ട്.

10. കൃഷിപ്പണി നടത്തേണ്ട സമയങ്ങളിൽ തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ മറ്റു പ്രവർത്തികൾക്ക് നിയോഗിക്കുന്നത് മൂലം കൃഷിപ്പണിക്ക് തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. ആയതിന് ടൈംടേബിൾ ഉണ്ടാകണം.

11. ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി ഉല്പന്നങ്ങൾക്ക് മര്യാദവില ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ല.

12. പ്രാദേശികമായി ലഭിക്കുന്ന കന്നുകാലി വളം നാം ഉപയോഗപ്പെടുത്തുന്നില്ല. പ്രസ്തുത വളം തൊട്ടടുത്ത സംസ്ഥാനത്തേക്കാണ് കൊണ്ടുപോകുന്നത്.

13. പുതിയ തലമുറ കൃഷിയിൽ താല്പര്യം കാണിക്കുന്നില്ല അതുമൂലം കൃഷിസ്ഥലങ്ങൾ എല്ലാം ഹൗസിങ്ങ് പ്ലോട്ടുകളും, കമ്മേഴ്സ്യൽ കെട്ടിടങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നു.

14. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നൽകുന്ന കയറ്റുകൂലിയിൽ ഏകീകൃത സ്വഭാവമില്ല.

**<u>പരിഹാരങ്ങൾ</u>**

1. നൂതന കൃഷി സമ്പ്രദായങ്ങൾ കർഷകരെ പഠിപ്പിക്കുക.
2. മണ്ണിന്റെ ഘടനക്ക് അനുസൃതമായി കൃഷിനടത്തുക.
3. ഓരോ പ്രദേശത്തേയും മണ്ണിന്റെ ഘടന പരിശോധിച്ച് അതിന്റെ പ്രത്യേകതകൾ കർഷകരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക.
4. ഗ്രൂപ്പ് ഫാമിങ്ങ് പ്രോത്സാഹിപ്പിക്കുക.

5. ഒറ്റഞാർ നടിൽ സമ്പ്രദായം വിപുലപ്പെടുത്തുക.

6. ഡ്രിപ്പ് ജലസേചനം വ്യാപകമാക്കാൻ കർഷകരെ പ്രേരിപ്പിക്കുകയും വിപുല മാക്കുകയും ചെയ്യുക.

7. നെല്ല് സംഭരണം സർക്കാർ കാര്യക്ഷമമാക്കുക. നെല്ലിന്റെ വില കൃത്യസമയത്തു തന്നെ കർഷകർക്കു ലഭിക്കുമെന്ന് ഉറപ്പ് വരുത്തുക.

8. Micro Farming മിയോവാക്കി രീതിയിൽ വൃക്ഷതൈകൾ നടൽ മിനി വന സമുച്ചയങ്ങൾ രൂപപ്പെടുത്തൽ

9. കോരയാർ പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

10. കോരയാർ പുഴ, തിരുമുണ്ടിത്തോട് എന്നിവിടങ്ങളിൽ ആവശ്യമായ തടയിണകൾ നിർമ്മിക്കുക.

11. നിലവിലുള്ള പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും ആഴംകൂട്ടി വൃത്തിയാക്കി മഴ വെള്ള സംഭരണം ഊർജ്ജിതപ്പെടുത്തുക.

12. തൊഴിലുറപ്പ് പദ്ധതി വഴി ആവശ്യക്കാരായ കർഷകർക്ക് കുളം, കൊക്കർണ്ണി എന്നിവ കുഴിയ്ക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുക.

13. ജൈവ വള കൃഷി പ്രോത്സാഹിപ്പിക്കുക.

14. പച്ചക്കറി, പഴം, ഉല്പാദനം വർദ്ധിപ്പിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക. മുന്തിയതരം വിത്ത് വളം എന്നിവ സബ്സിഡിനിരക്കിൽ വിതരണം നടത്തുക.

15. ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷികുന്നതിന് ആവശ്യമായ ഗോഡൗണുകൾ (ശീതികരണസഹിതം) നിർമ്മിച്ച് നല്കുക.

16. ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വസ്തുക്കൾ വിപണനം നടത്തുന്നതിന് പൊതു മാർക്കറ്റ് ഏർപ്പാടാക്കുക.

17. കൃഷിയടങ്ങളിൽ പരമാവധി കുളങ്ങളും, കിണറുകളും നിർമ്മിക്കാൻ കൃഷിക്കാരെ സഹായിക്കുക.

18. ജല മാനേജ്മെന്റ് കാര്യക്ഷമമായി നടപ്പിലാക്കുക.

19. കർഷകർക്ക് ആവശ്യമായ വൈദ്യുതിക്ക് സോളാർ പാനലുകൾ സജ്ജീകരിച്ച് നല്കുക.

20. കർഷകർക്ക് നല്കുന്ന എല്ലാ ആനുകൂല്യങ്ങളും ഒരേ ഏജൻസിവഴി നടപ്പിലാക്കുക. വിവിധ വകുപ്പുകൾ വഴി ആനുകൂല്യം നല്കുന്നത് കർഷകന് കൃത്യമായി

ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. എല്ലാ പാടശേഖരങ്ങളിലും കുളങ്ങളോ, കൊക്കർണികളൊ നിർമ്മിക്കുവാൻ കർഷകർക്ക് സാമ്പത്തികസഹായം നല്കുക. തൊഴിലുറപ്പ് പദ്ധതി ഇതിന് ഉപയോഗപ്പെടുത്തുക.

21. ഫീൽഡ് പഠനവും, പഠനയാത്രയും കർഷകർക്ക് ഏർപ്പെടുത്തുക.

22. കൃഷിയെ ഒരു വ്യവസായം എന്ന കണക്കെ പരിഗണിച്ച് കൃഷിലാഭകരമാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാക്കണം.

23. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുക, അതോടൊപ്പം തേങ്ങഉപയോഗിച്ച് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ പരിശീലനവും, ധനസഹായവും നല്കുക. അനുബന്ധ വ്യവസായം തുടങ്ങുന്നതിനുള്ള ആത്മ ധൈര്യം നല്കുക.

24. എല്ലാ വിളകൾക്കും ഉഴവുകൂലി സഹായം നല്കുക.

25. പച്ചക്കറി കൃഷി വ്യാപകമാക്കുക. ഇതനാവശ്യമായ വിത്ത് വളം എന്നിവ സൗജന്യമായി നല്കുക. കാലിവളം ശേഖരിച്ച് അതു ഉണക്കിപൊടിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം നടത്തുക. കുടുംബശ്രീ വഴി ഇതു നടപ്പിലാക്കാവുന്നതാണ്.

26. ഗ്രോബാഗ് കൃഷി എല്ലാ വീടുകളിലും എത്തിക്കുക. പച്ചക്കറികൾ കേടു കൂടാതെ സൂക്ഷിക്കുന്ന ഫ്രീസർ സൗകര്യത്തോടുകൂടിയ ഗോഡൗണുകൾ ഏർപ്പെടുതുക. വിപണനത്തിനായി മാർക്കറ്റുകൾ സജ്ജീകരിക്കുക.

27. ആഗ്രോക്ലിനിക്കുകൾ സ്ഥാപിച്ച് വിദഗ്ദ്ധരുടെ ഇടപെടൽ ശക്തമാക്കുക. പഞ്ചായത്തിൽ രണ്ടോ മൂന്നോ ആഗ്രോക്ലിനിക്കുകൾ ഏർപ്പെടുത്തുക.

28. തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുക.

29. പ്രകൃതി സൗഹൃദ പഴം പച്ചക്കറി തോട്ടങ്ങൾ ആരംഭിക്കുന്നതിന് പ്രചോദനവും, പ്രോത്സാഹനവും നൽകുക.

30. കൃഷിവകുപ്പു മുഖാന്തിരം കൃത്യമായ Follow Up നടത്തുക

## 3. <u>മൃഗസംരക്ഷണവും ക്ഷീരവികസനവും</u>

**മേഖലയിലെ പ്രശ്നങ്ങൾ, പരിഹാരങ്ങൾ**

1. പഞ്ചായത്തിലെ നിലവിലുള്ള പാൽ സംഘങ്ങൾക്ക് ക്ഷീര കർഷകരുടെ മുഴുവൻ

പാൽ സംഭരിക്കുവാൻ കഴിയുന്നില്ല. സംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കണം.

2. മേച്ചിൽ പ്രദേശങ്ങൾ ഗണ്യമായി കുറഞ്ഞുവരുന്നു. ആവശ്യത്തിന് തീറ്റി പുൽ കിട്ടുന്നില്ല.
3. പോഷക കാലി തീറ്റ വാങ്ങിക്കുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നു.
4. കാറ്റിൽ ഫാം നടത്തുന്ന സംരഭകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാൽ വിപണനം നടത്തുവാൻ ആവശ്യമായ സൗകര്യം നിലവിൽ ഇല്ല.
5. വായു സഞ്ചാരമുള്ളതും, ശുചിത്വമുള്ളതുമായ തൊഴുത്തുകളുടെ അഭാവം, ശുദ്ധമായ വെള്ളത്തിന്റെ അഭാവം.
6. കാലിവളർത്തലിലെ നൂതന സമ്പ്രദായങ്ങളെ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ പലിശീലനത്തിന്റെ അഭാവം.
7. മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ യൂണിറ്റിന്റെ അഭാവം
8. പഞ്ചായത്തിലെ മൃഗാശുപത്രി പ്രവർത്തനം വിപുലീകരിക്കണം.
9. മത്സ്യകൃഷിയിലെ നൂതന സമ്പ്രദായങ്ങളെ സംബന്ധിച്ച് അറിവില്ലായ്മ
10. പൊതു സ്വകാര്യ കുളങ്ങളെ സംരക്ഷിക്കുന്നതിൽ വിമുഖത.
11. മത്സ്യകൃഷിനടത്തുന്ന സ്വകാര്യ കുളങ്ങൾ കൃഷിക്ക് അനുയോജ്യമായ വിധത്തിൽ പരിപാലിക്കപ്പെടുന്നില്ല.

***പരിഹാരങ്ങൾ :***

1. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കണം. പാൽ പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തണം
2. പുറം പോക്ക് ഭൂമികളും, മലമ്പുഴ കനാൽ വരമ്പുകളും തീറ്റിപ്പുൽ ഉല്പാദനത്തിനും മറ്റും പ്രയോജനപ്പെടുത്തണം. NREG തൊഴിലാളികൾക്ക് സംരക്ഷണ ചുമതല ഏല്പിക്കണം. സബ് സിഡി നിരക്കിൽ കാലിതീറ്റ ലഭ്യമാക്കണം.
3. മൃഗസംരക്ഷണ വകുപ്പ് മൊബൈൽ യൂണിറ്റ് ആരംഭിക്കണം.
4. വായു സഞ്ചാരമുള്ളതും വൃത്തിയുള്ളതുമായ തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നല്കണം.
5. കാലിതീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം നടത്തുക
6. APL, BPL പരിഗണന കൂടാതെ മുട്ടക്കോഴികൾ വിതരണം നടത്തുക.

7. കന്നുകാലി ഇൻഷുറൻസ് നടത്തുന്നതിന് സാമ്പത്തിക സഹായം നല്കുക.

8. ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷിചെയ്യുന്നതിന് പഞ്ചായത്ത് പുറംപോക്ക് ഭൂമികൾ അനുവദിക്കുക. സൗജന്യ നിരക്കിൽ തീറ്റപ്പുൽ വിത്ത് വിതരണം നടത്തുക

9. മൃഗസംരക്ഷണത്തിന്റെ ഫലമായുണ്ടാകുന്ന കാലിവളങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കാൻ കൃഷിക്കാർക്ക് സൗകര്യം ചെയ്തുകൊടുക്കണം.

10. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന കാലിവളം അന്യസംസ്ഥാനങ്ങളിലേക്കു പോകുന്നത് തടയുവാനും, നമ്മുടെ കൃഷിയിടങ്ങളിൽ തന്നെ ഉപയോഗിക്കുവാനും സംവിധാനം ഉണ്ടാക്കണം. ചാണകം ഉണക്കി പൊടിച്ച് ചാക്കുകളിൽ ശേഖരിക്കുവാനും വിപണനം നടത്തുവാനും കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

11. നമ്മുടെ പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാടൻ കോഴിമുട്ടകളും മറ്റും വിപണനം നടത്തുന്നതിനും കിയോസ്ക് സ്ഥാപിച്ച് കുടുംബശ്രീകളെ ഏല്പ്പിക്കാവുന്നതാണ്.

12. നാട്ടിലെ പൊതു-സ്വകാര്യകുളങ്ങളെ മത്സ്യകൃഷിക്കായി പരമാവധി പ്രയോജന പ്പെടുത്തുക.

13. മത്സ്യകൃഷി നടത്തുന്ന സ്വകാര്യ കുളങ്ങൾ കൃഷിക്ക് അനുയോജ്യമായ വിധം പരിപാലിക്കപ്പെടുന്നതിനും. സാമ്പത്തിക സഹായം നൽകുക.

14. വീടുകളിൽ ചെറുമീൻ വളർത്തൽ... പ്രോത്സാഹിപ്പിക്കുക.

15. ആരോഗ്യ സംരക്ഷണത്തിന് പ്രത്യേകം നിരീഷണ സമ്പ്രദായം ഏർപ്പെടുത്തുക.

## 4. പ്രാദേശിക സാമ്പത്തിക വികസനം

ധാരാളം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സംരഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മൂലധനം നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ താല്പര്യം കാണിക്കണം. കുടുംബശ്രീ മുഖേന നൂതന ചെറുകിട വ്യവസായ സംരംഭങ്ങളും, വ്യാപാര സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക.

## 5. ദാരിദ്ര്യ ലഘൂകരണം

തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണം. വീട് അറ്റകുറ്റപ്പണി നടത്തുവാനുള്ള ധനസഹായം ആവശ്യമാണ്. ലൈഫ് പദ്ധതിയിലൂടെ ഭൂരഹിത ഭവനരഹിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഗാർഹിക Micro സംരംഭങ്ങൾക്ക് തുടക്കം കുറിക്കുക.

## 6. സാമൂഹ്യ നീതി

കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിട നിർമ്മാണം നടത്തണം. അംഗൻവാടികളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്മാർട്ട് അംഗനവാടികളാക്കണം. ടി.വി. കമ്പ്യൂട്ടറുകൾ എന്നിവ ലഭ്യമാക്കി ബുദ്ധിവികാസത്തിന ആധുനിക രീതിയിലുള്ള പഠന സൗകര്യങ്ങൾ ഒരുക്കണം.

## 7. വനിതാ വികസനം

സ്ത്രീകളുടെ വരുമാനവർദ്ധനവിനും അതുവഴി സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ ആവശ്യമാണ്. നൈപുണ്യ വികസനത്തിനും, ഐ.ടി ഹബ്ബുകളിലുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സ്ത്രീകൾക്കും, കുട്ടികൾക്കും എതിരേയുള്ള അതിക്രമം തടയുവാൻ ആവശ്യമായ സുരക്ഷാ ആയോധന മുറകൾ പഠിപ്പിക്കുക.

## 8. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വരുമാന വർദ്ധനവിനും ആവശ്യമായ പ്രവർത്തനങ്ങൾ വേണ്ടതാണ്.

# ആരോഗ്യ- നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ PH സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഒരുക്കണം. RMO തസ്തിക സൃഷ്ടിച്ച് ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കണം.
2. PH സെന്ററിൽ ആധുനിക നിലയിലുള്ള ക്ലിനിക്കൽ ലബോറട്ടറി സംവിധാനം ഉണ്ടാക്കണം. സൗജന്യ നിരക്കിൽ ക്ലിനിക്കൽ ടെസ്റ്റുകൾ നടത്തുവാൻ പൊതുജന ങ്ങൾക്ക് സൗകര്യമുണ്ടാക്കണം.
3. PH സെന്ററിൽ ആവശ്യമായ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും നിയമിക്കണം.
4. ആധുനിക രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.
5. ആശുപത്രികളിൽ എത്തുന്ന രോഗികൾക്കും, ആശുപത്രി ജീവനക്കാർക്കും ആവശ്യമായ ടോയ്‌ലറ്റ് സംവിധാനം എല്ലാ ഹെൽത്ത് സെന്ററുകളിലും ഏർപ്പെടുത്തണം.
6. അലോപ്പതി, ആയുർവേദം, ഹോമിയോ, ആശുപത്രികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി കെട്ടിടം സംരക്ഷിക്കണം.

7. ജീവിത ശൈലി രോഗങ്ങളായ ബ്ലഡ്ഷുഗർ, കോളസ്ട്രോൾ, ബി.പി. തുടങ്ങിയ രോഗങ്ങൾക്കും ആവശ്യമായ മരുന്നുകൾ നിർബാധം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി ഉണ്ടാവണം. ജീവിത ശൈലി രോഗങ്ങളുള്ള ആളുകളുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിന് നടപടി ഉണ്ടാവണം.

8. സ്ത്രീകളെ ബാധിക്കുന്ന സെർവിക്കൽ ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പ് 6 മാസത്തിൽ ഒരിക്കൽ PH സെന്ററിൽ നടത്തുവാൻ സൗകര്യപ്പെടുത്തണം.

9. പാലിയേറ്റീവ് കെയർ സംവിധാനം പഞ്ചായത്തതലങ്ങളിൽ പ്രവർത്തിക്കുന്ന മറ്റു പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെടുത്തി പരാമാവധി പ്രയോജനം ജനങ്ങൾക്ക് ഉണ്ടാക്കുവാൻ ഉതകുന്ന പദ്ധതികൾ രൂപികരിക്കണം.

10. എല്ലാ ആരോഗ്യ കേന്ദ്രത്തിലും കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തണം.

11. രോഗപ്രതിരോധ പ്രവർത്തനങ്ങളിലും, പകർച്ചവ്യാധി നിയന്ത്രണപരിപാടികളിലും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തണം.

12. ആയുർവേദ ക്യാമ്പുകൾ 6മാസം കൂടുമ്പോൾ സംഘടിപ്പിക്കണം. വയോജനങ്ങൾക്ക് ആവശ്യമായ മരുന്ന് തുടർച്ചയായി നല്കുന്നതിന് സംവിധാനം വേണം.

13. ആശുപത്രികളിൽ പരമാവധി സൗരോർജ പാനൽ ഘടിപ്പിച്ച് വൈദ്യുതി നിയന്ത്രണം നടത്തണം.

14. PH സെന്റർ ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവ ജന സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാൻ പദ്ധതികൾ ആവിഷ്കരിക്കുക. വൃത്തിയായ ഇരിപ്പിടം, ശുദ്ധമായ കുടിവെള്ളം, ടോയ്ലറ്റ് സംവിധാനം എന്നിവ നിർബ്ബന്ധമായും ഉണ്ടായിരിക്കണം.

15. പഞ്ചായത്ത് ഓഫീസിന് സമീപത്തായി ആഴ്ചയിൽ ഒരു ദിവസം അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങൾ പരിശോധന നടത്തുന്നതിനായി മുറി സജ്ജീകരിക്കണം.

16. എല്ലാ ആരോഗ്യ കേന്ദ്രത്തിലും ആവശ്യമായ മരുന്നുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

17. PHC യെ FHC ആയി ഉയർത്തുന്നതിനുള്ള ഈ നടപടി ദ്രുതഗതിയിലക്കുക.

18. ആയുർവേദ ഡിപ്പൻസറിയിൽ യോഗപഠന, ചികിത്സാകേന്ദ്രം പ്രാവർത്തികമാക്കുക.

## കുടിവെള്ളം ശുചിത്വ - നിർദ്ദേശങ്ങൾ

- പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിച്ച് പഞ്ചായത്തിൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കണം. എല്ലാ വീടുകളിലും സൗജന്യമായി തുണി സഞ്ചികൾ വിതരണം ചെയ്യുക.
- വീടുകളിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് കവറുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ആവശ്യമായ ട്രാഷ് ബാഗുകൾ വിതരണം നടത്തുക. മാസത്തിലൊരിക്കൽ അവ ഹരിതകർമ്മസേന ശേഖരിച്ച് നിയമാനുസരണം കയ്യൊഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ഊർജ്ജിതമാക്കണം.
- റോഡരുകിൽ സി.സി. ക്യാമറ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുക. (പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ)
- ഹരിതകർമ്മസേനക്കാവശ്യമായ സുരക്ഷ ഉപകരണങ്ങൾ നൽകൽ.
- പഞ്ചായത്തിലെ ജല സ്രോതസ്സുകൾ വൃത്തിയാക്കി സൂക്ഷിക്കുക. പൊതുജനങ്ങളുടെ ഇടയിൽ നിരന്തര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. തെളിനീരൊഴുകും നവകേരളം പദ്ധതി പ്രാവർത്തികമാക്കുക.
- ഗ്രീൻബ്രിഗേഡ് (ജനങ്ങളുടെ കൂട്ടായ്മയോടെ) നടപ്പിലാക്കുക.
- എല്ലാ വാർഡുകളിലും തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം.
- കുടുംബശ്രീ വഴി പ്ലാസ്റ്റിക് കലക്ഷൻ സെന്ററുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.
- കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന രണ്ട് വാട്ടർ ടാങ്കുകളിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിച്ച് എല്ലാ വാർഡുകളിലും കുടിവെള്ള കണക്ഷൻ നൽകുക.
- പഞ്ചായത്തിലെ മുഴുവൻ പൊതുകുളങ്ങളും, കിണറുകളും വൃത്തിയാക്കി സൂക്ഷിക്കുക. തൊഴിലുറപ്പ് പദ്ധതി മുഖേന സ്വകാര്യ വ്യക്തികൾക്ക് കിണർ, കുളം, കൊക്കർണി മുതലായവ നിർമ്മിക്കുവാൻ ആവശ്യമായ പദ്ധതി നടപ്പിലാക്കുക.
- ഡ്രൈനേജ് വെള്ളം ഒഴുകുന്ന ചാലുകളിൽ കൂടി കുടിവെള്ള പൈപ്പ് ലൈനുകൾ പോകുന്നത് മാറ്റി സ്ഥാപിക്കുക. ഡ്രൈനേജിൽ കൂടി ഒഴുകുന്ന അഴുക്ക് വെള്ളത്തിലെ ബാക്ടീരിയകൾ പൈപ്പ് ലൈനിന്റെ ഉള്ളിൽ പ്രവേശിച്ച് കുടിവെള്ളം അശുദ്ധ മാക്കുന്നു.
- വ്യക്തിഗത സാമൂഹിക സോക്പിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
- വ്യക്തിഗത സാമൂഹിക മഴവെള്ള കൊയ്ത്ത്, റീചാർജ്ജിംഗ് സമ്പ്രദായം പരിപോഷിപ്പിക്കുക.

### 11. മാലിന്യ സംസ്കരണം.

ഗ്രാമപഞ്ചായത്തിലെ പ്രധാന പ്രശ്നം മാലിന്യവുമായി ബന്ധപ്പെട്ടതാണ്. ഖര മാലിന്യസംസ്കരണത്തിനായി തുമ്പൂർമുഴി മോഡൽ സംവിധാനം, Material Collection Centre എന്നിവ ആവശ്യമാണ് MCF ന് പുതിയ കെട്ടിടം നിർമ്മിക്കണം. മാലിന്യ കളക്ഷൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചു. കൂടാതെ ചെമ്പലോട് മുതൽ ആലംമ്പള്ളം വരെയുള്ള കെനാൽ സൈഡിലെ മാലിന്യം നീക്കം ചെയ്ത് വയോജനപാർക്ക്, മരങ്ങൾ വച്ചു പിടിപ്പിക്കൽ, മാലിന്യം നിക്ഷേപിക്കുന്ന വർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷ നടപടികൾ സ്വീകരിക്കൽ

മത്സ്യം, അറവ് മാലിന്യങ്ങൾ, ബർബർഷോപ്പ് മാലിന്യം, ടൈലറിംഗ്, അറവ് ഹോൾസറി മലിന്യം എന്നിവ പൊതു സ്ഥലത്ത് നിക്ഷേപിക്കുന്നത് തടയൽ.

### 12. വിദ്യാഭ്യാസം

എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾക്കുവേണ്ടി കളിയുപകരണങ്ങൾ സ്ഥാപിക്കുക. സ്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്മുറികൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### 13. പൊതുമരാമത്ത്

നിരത്തുകളുടെ അറ്റകുറ്റപ്പണി അത്യാവശ്യമാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

## 1. പൊതുഭരണവും ധനകാര്യവും

സാമൂഹിക കൂട്ടായ്മയിലൂടെ ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനവും അതുവഴി സാമുദായിക ഐക്യവും സാമ്പത്തിക സമത്വവും വളർത്തുക എന്ന ലക്ഷ്യമാണ് മരുതറോഡ് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യമിടുന്നത്. പഞ്ചായത്തിന് ലഭ്യമായ വിവിധ സാമ്പത്തിക സ്രോതസ്സുകൾ വിനിയോഗിച്ച് കർഷകരുടേയും, പാവപ്പെട്ടവരുടേയും ക്ഷേമത്തിന് പ്രാഥമിക പരിഗണന നൽകി പഞ്ചായത്തിലെ സാമാന്യ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് കാഴ്ചപ്പാട്

ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുകളുടെ കൃത്യമായ ഉപയോഗം, കണക്കെഴുത്തിലെ കൃത്യത സേവനരംഗത്ത് ജനപക്ഷനിലപാട്. ഗ്രാമവികസനത്തിൽ വനിതകളുടെ പ്രാതിനിധ്യം, പട്ടികജാതി, പട്ടികവർഗ്ഗം, ഭിന്നശേഷിക്കാർ മറ്റ് പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ അണിനിർത്തുക എന്നിങ്ങനെ നിലവിൽ പഞ്ചായത്ത് മാതൃകാപരമായ പ്രർത്തനമാണ് നടത്തിവരുന്നത്.

ജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ കുറ്റമറ്റതാക്കാൻ പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും, മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ വഴി വിവിധ സേവനങ്ങൾ ഇപ്പോൾതന്നെ ജനങ്ങൾക്ക് നൽകിവരുന്നു. ഗ്രാമപഞ്ചായത്താഫീസ് പൂർണ്ണമായും കംപ്യൂട്ടർ വത്കൃതമാണ്. ജനന മരണ വിവാഹറജിസ്ട്രേഷൻ, വസ്തുനികുതി എന്നിവ പൂർണ്ണമായും ഓൺലൈൻ ആക്കി. ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ പ്രിന്റ് എടുക്കുന്നതിനും നികുതി ഓൺ ലൈനായി അടയ്ക്കുന്നതിനും സൗകര്യമാണ്. ILGMS സോഫ്റ്റ് വെയർ

പ്രാവർത്തികമാക്കിയാൽ ഓഫീസിലെ ഫയൽ നീക്കങ്ങൾ സുഗമമാക്കുകയും സമയത്ത് സേവനം നൽകുന്നതിനും സഹായകരമാകും.

സ്വയംപര്യപ്തത നമുക്ക് നഷ്ടമായിവരുന്ന വിവിധ മേഖലകളിൽ യാഥാർത്ഥ്യം മനസ്സിലാക്കി ഒരു തിരിച്ചുവരവിനുള്ള തയ്യാറെടുപ്പിലാണ് ഗ്രാമപഞ്ചായത്ത്. നമ്മുടെ പ്രശ്നങ്ങൾ അനന്തമാണ്. കുടിവെള്ളം, തൊഴിൽ, ഭക്ഷ്യധാന്യം തുടങ്ങി നിരവധി. പക്ഷേ വിഭവങ്ങൾ വളരെ പരിമിതവും. പരിസരശുചിത്വമില്ലായ്മയും വിഷം കലർന്ന ഭക്ഷ്യ ധാന്യങ്ങളും തെറ്റായ ജീവിതശൈലിയും ജനങ്ങളുടെ ആരോഗ്യത്തെ കവർന്നെടുക്കുന്നു. ജാതി-മത ചിന്തകൾ ജനമനസ്സുകളിലേക്ക് കൂടുതൽ സ്വാധീനിപ്പി ക്കുന്നതിനായ് വിരുദ്ധശക്തികൾ ശ്രമിക്കുന്നു. ഇത്തരം ഒരവസരത്തിൽ ജനങ്ങളുടെ അടിസ്ഥാന ബോധം വളർത്തി ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം അഴിമതിമുക്തമായ ഭരണത്തിലൂടെ നടപ്പിലാക്കുകയാണ് മരുതറോഡ് ഗ്രാമപഞ്ചായത്ത്.

## *2. കൃഷി :*

മരുതറോഡ് ഗ്രാമപഞ്ചായത്തിലെ പ്രധാന ഉല്പ്പാദന മേഖല കൃഷിയാണ്. ഈ മേഖലയുടെ സമഗ്രമായ വികസനത്തിന് ആധുനിക യന്ത്രവർക്കരണം അത്യന്താ പേക്ഷിതമാണ്. ആയതിനാൽ കൃഷിയെ ഒരു വ്യവസായമായി പരിഗണിച്ച് അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. കാർഷിക മേഖല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, നെല്ല്, തെങ്ങ്, കവുങ്ങ് മറ്റു ധാന്യവിളകൾ പച്ചക്കറി എന്നിവയുടെ ഉല്പ്പാദനവും മത്സ്യം വളർത്തൽ കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവയുമാണ്. ഇവയുടെ സമഗ്രവികസനം കാർഷികമേഖലയെ പുഷ്ടിപ്പെടുത്തുകയും ഉല്പാദനരംഗം സജീവമാകുകയും ചെയ്യുന്നതാണ്. അതുവഴി പഞ്ചായത്തിന്റെ സാമൂഹ്യാ ടിത്തറ ശക്തിപ്രാപിക്കുകയും ചെയ്യുന്നു.

ഇതുകൂടാതെ കാലവസ്ഥ വ്യതിയാനം സാരമായി കാർഷിക മേഖലയെ ബാധിച്ചു തുടങ്ങിയിരിക്കുന്നതിനാൽ അതിനനുസരിച്ചുള്ള കൃഷിരീതിയും ഇടവിളയായി വാണിജ്യ വിളകൾ കൃഷിചെയ്യുന്നതിനു ള്ള പ്രോത്സാഹനവും ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. കാലവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും ഫലങ്ങൾ കൂടുതൽ ഉൽപ്പാതിപ്പിക്കുന്നതിനും, കാർബൺ ന്യൂട്രൽ പഞ്ചായത്താക്കുന്നതിനുള്ള ചെറുവനങ്ങൾ നിർമ്മിക്കുക ( ഓരോ വാർഡിലും ) പക്ഷികൾ, ചെറുജീവികൾ എന്നിവയുടെ ജീവനത്തിനായി ഫലവൃക്ഷ തൈകൾ നടീൽ, മൈക്രോഫാമിംഗ്, മിയാവാക്കി സമ്പ്രദായം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

കൃഷിക്ക് വെള്ളം ഒരു പ്രധാനഘടകമാണ്. കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് മഴയുടെ ലഭ്യത നാൾക്കുനാൾ കുറഞ്ഞുവരുന്നതും പെയ്തിറങ്ങിയ മഴവെള്ളം ഭൂമിയിൽ പിടിച്ചു നിർത്തുവാനുള്ള സൗകര്യം ഇല്ലാത്തതും കൃഷിയെ സാരമായി ബാധിക്കുന്നു. ലഭിച്ചുകൊണ്ടിരിക്കുന്ന മലമ്പുഴ വെള്ളത്തിന്റെ അളവും ഈ അടുത്തകാലത്തായി കുറഞ്ഞു

വരുകയാണ്. ഈ സാഹചര്യത്തിൽ ജലസംഭരണികളായ കുളങ്ങൾ, തോടുകൾ, പുഴകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുകയും പാടശേഖരങ്ങൾ അതേപടി നിലനിർത്തുകയും ചെയ്യണം. ഇതിനാവശ്യമായ കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിച്ചു. രാസവളപ്രയോഗം പരിമിതപ്പെടുത്തിയും കൃഷി ചെയ്യുന്നതിനും, കാർഷിക മേഖലയിലെ ആധുനിക സമ്പ്രദായങ്ങൾ സ്വായത്തമാക്കി പ്രവർത്തിക്കാനും കർഷകരെ പ്രാപ്തരാകണം. ഉഴവു കൂലി, ഉൽപ്പാദനബോണസ്സ് സൗജന്യനിരക്കിൽ മുന്തിയ ഇനം വിത്തുകൾ, ക്ഷീരകർഷകർക്കാണെങ്കിൽ സൗജന്യ നിരക്കിൽ കാലിതീറ്റ, തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള സഹായം, വിപണന സൗകര്യം എന്നിവ നൽകി പ്രോത്സാഹിപ്പിക്കണം. കൂടാതെ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിൽ വരുത്തണം. ജലസേചനചാലുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തണം. കാർഷിക പ്രവർത്തികൾക്ക് ആവശ്യമായ തൊഴിൽസേന, പുതിയ തരം യന്ത്രസാമഗ്രികളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തണം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ യന്ത്രസാമഗ്രികളുടെ ഉപയോഗം എന്നിവ കണ്ടു മനസ്സിലാക്കുന്നതിന് ഉതകുന്ന പഠനയാത്രകളും പരിശീലനവും കർഷകർക്ക് നൽകണം.

ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉല്പ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ സ്റ്റോറേജ് സംവിധാനം ഒരുക്കി കൊടുക്കുവാനും, ആവശ്യമായ സമയത്ത് ഉല്പ്പന്നം എടുത്ത് വിപണനം നടത്തുന്നതിനും സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കി കൊടുക്കണം. കേര കർഷകരെ സംബന്ധിച്ച് നിലവിലുള്ള പ്രായമായ തെങ്ങുകൾ മുറിച്ചു മാറ്റി കാലാവസ്ഥക്കനുയോജ്യമായ പുതിയ ഇനം തെങ്ങിൻ തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. അതോടൊപ്പം അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യേണ്ടതുണ്ട്. തേങ്ങയിൽ നിന്ന് അനുബന്ധ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള പ്രായോഗിക പരിശീലനവും കേര കർഷകർക്ക് നല്കേണ്ടതുണ്ട്. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം പ്രാവർത്തികമാക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. കേര സംഭരണം തുടർച്ചയായി നടത്തുന്നതിനും അതിന്റെ വില കൃത്യ സമയത്തുതന്നെ നൽകുന്നതിനും സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തുകയും വേണം.

വെള്ളത്തിന്റെ അഭാവം മൂലം കൃഷി നടത്തുവാൻ സാധിക്കാത്തതിനാൽ തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് കിണറുകളും കുളങ്ങളും ശുചീകരിച്ചു നൽകണം. ആയതിന് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. തരിശു ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നതിനു കുടുംബശ്രീസംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. തരിശ് ഭൂമി കുടുംബശ്രീകാർക്ക് പാട്ടത്തിന് കൊടുക്കുവാൻ കർഷകരെ പ്രേരിപ്പിക്കണം. അതിന് ഇടനിലക്കാരനായി പഞ്ചായത്ത് നില്ക്കേണ്ടതാണ്. തരിശ് ഭൂമിയിൽ കൃഷിനടത്തുന്നത് മഴയെ ആശ്രയിച്ച് മാത്രമാകരുത്. കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് കിണറുകൾ, കുളങ്ങൾ, കൊക്കർണികൾ എന്നിവ നിർമ്മിച്ച് വെള്ളം

സംഭരണം ഉറപ്പുവരുത്തുവാൻ പദ്ധതി തയ്യാറാക്കണം. കോരയാർപുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം. പദ്ധതിയുടെ നടത്തിപ്പ് പാടശേഖരസമിതികളെ ഏൽപ്പിക്കണം. കൃഷിവകുപ്പ് കർഷകരുടെ വിളസ്ഥലങ്ങളിൽ നേരിട്ട് ചെന്ന് പരിശോധന നടത്തി ആവശ്യമായ ഉപദേശങ്ങൾ കർഷകർക്കു നല്കണം. തിരുമുണ്ടിത്തോട്, കോരയാർപുഴ എന്നിവിടങ്ങളിൽ തടയണ നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായണം. തൃതല പഞ്ചായത്തുഫണ്ടുകൾ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

മത്സ്യക്കൃഷി നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ടെങ്കിലും അതിൽ വൈദഗ്ദ്യം വളരെ കുറവാണ്. മത്സ്യവകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ 38 കുളങ്ങളിൽ മത്സ്യകൃഷി നടക്കുന്നുണ്ട്. അതിൽ 3 കുളങ്ങൾ മാത്രമാണ് പൊതുകുളങ്ങൾ ആയിട്ടുള്ളത്. ഈ കുളങ്ങളിൽ നടത്തുന്ന മത്സ്യകൃഷിക്ക് ശാസ്ത്രീയ സ്വഭാവമില്ല. മത്സ്യകൃഷിയിലെ നൂതന സമ്പ്രദായങ്ങളെകുറിച്ച് കർഷകർക്ക് അവ ബോധമുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം. ആവശ്യമായ പരിശീലന പരിപാടികൾ അവർക്കായി സംഘടിപ്പിക്കണം. വീടുകളിൽ ചെറിയ സമ്പുകൾ നിർമ്മിച്ച് മത്സ്യം വളർത്തുന്ന സംവിധാനം പഞ്ചായത്തിലും നടപ്പിലാക്കണം. സമ്പ് നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകണം. സുഭിക്ഷകേരളം പ ദ്ധതിയുടെ ഭാഗമായി എല്ലാത്തരം കൃഷികളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മത്സ്യവകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കണം. വീടുകളിൽ മത്സ്യകൃഷി നടത്തുവാൻ തയ്യാറായി വരുന്നവർക്ക് സാങ്കേതികസഹായവും സാമ്പത്തികസഹായവും നൽകണം. മത്സ്യകൃഷി നടത്തുന്ന നിലവിലുള്ള കർഷകരുടെ കുളങ്ങൾ മത്സ്യകൃഷിക്ക് അനുയോജ്യ മാക്കിതീർക്കുവാൻ കർഷകരെ പ്രേരിപ്പിക്കണം അതിനാവശ്യമായ സാങ്കേതിക സഹായവും ബാങ്ക് വായ്പയും ഒരുക്കികൊടുക്കണം. കുടുംബശ്രീ സംവിധാനം വഴി അലങ്കാര മത്സ്യകൃഷിയും നടത്താവുന്നതാണ്.

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

കോഴിവളർത്തൽ പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ടെങ്കിലും അതിന് ഒരു ശാസ്ത്രീയ സ്വഭാവം കൈവന്നിട്ടില്ല. എല്ലാവീടുകളിലും മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. അതിൽ APL, BPL വിവേചനം ഒഴിവാക്കണം. സൗജന്യനിരക്കിൽ മുട്ടക്കോഴി വിതരണം നടത്തി അതിനാവശ്യമായ കൂടും വിതരണം ചെയ്യുന്നതായാൽ കോഴിവളർത്തൽ ജനകീയമാക്കാവുന്നതാണ്. ഇതിനാവശ്യമായ പരിശീലനപരിപാടികൾ വാർഡ്തലത്തിൽ സംഘടിപ്പിക്കണം. ആവശ്യമായ സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉണ്ടാക്കി കൊടുക്കണം. അന്യസംസ്ഥാനത്തു നിന്ന് ഗുണമേന്മയില്ലാത്ത കോഴികൾ വരുന്നതിന്റെ തോത് കുറയ്ക്കുവാൻ ഇത് സഹായിക്കും. ഇറച്ചികോഴികളെയും മുട്ടക്കോഴികളെയും സംബന്ധിച്ച് അവയെ വളർത്തുന്നരീതികളെ സംബന്ധിച്ച് ഉപദേശം ലഭ്യമാക്കുന്നതിന് വിദഗ്ദന്മാരുടെ സേവനം ഉറപ്പാക്കുവാൻ പഞ്ചായത്ത് നടപടി എടുക്കണം.

കുടുംബശ്രീ സംവിധാനത്തെ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. തനത് നാടൻ കോഴികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽ നിന്നും കോഴി കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ ശാസ്ത്രീയ രീതിയിൽ പശു വളർത്തൽ നടത്തുന്നത് വിരലിലെണ്ണാവുന്നവർ മാത്രമാണ്. ബഹുഭൂരിപക്ഷവും രണ്ടോ മൂന്നോ കാലികളെ മാത്രം വളർത്തുന്നവരാണ്. തീറ്റപ്പുല്ലിന്റെ അഭാവവും, സമഗ്രകാലിത്തീറ്റയുടെ ഉയർന്ന വിലയും, ഉല്പാദന ചെലവിന്റെ വർദ്ധനവും കർഷകരെ ഈ മേഖലയിൽ നിന്നു പിൻവലിയുവാൻ പ്രേരിപ്പിക്കുന്നു. ജീവനോപാദി എന്ന നിലയിൽ കുറെ കർഷകർ കാലികളെ വളർത്തുന്നുണ്ട്. അത്തരം കർഷകർ അവർക്ക് പ്രായമാകുന്നതോടെ ഈ പണി ഉപേക്ഷിക്കുന്നു. നമ്മുടെ നാട്ടിൻപുറത്തെ ക്ഷീരകർഷകർ പഴയ സമ്പ്രദായത്തിലുള്ള പരിചരണമാണ് കാലികൾക്കു നല്കുന്നത്. ക്ഷീര കർഷകരെ സംഘടിപ്പിച്ച് കാലിവളർത്തലിൽ വന്നിട്ടുള്ള നൂതന സമ്പ്രദായങ്ങൾ പരിചയപ്പെടുത്തണം കാലിതൊഴുത്ത് നിർമ്മാണം മുതൽ കാലികളുടെ ആഹാരരീതി വരെയുള്ള കാര്യങ്ങൾ അവരെ പഠിപ്പിക്കണം. അതിനനുസരണമായി അവർക്ക് വേണ്ട സാമ്പത്തികസഹായം ഉറപ്പ് വരുത്തുന്ന പദ്ധതികൾ ഉണ്ടാക്കണം. പശു, എരുമ, കാള, പോത്ത്, ആട്, കോഴി, താറാവ്, നായ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ ഏകദേശം 1821 കുടുംബങ്ങൾ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട്. പഞ്ചായത്തിൽ ജീവിക്കുന്നുണ്ട്.

തൊഴുത്ത് നിർമ്മാണത്തിൽ പരമ്പരാഗത രീതിയാണ് ഇവർ ഉപയോഗിക്കുന്നത്. ആധുനികരീതിയിലുള്ള തൊഴുത്തുകളുടെ അഭാവം ഒരു പ്രശ്നമായി ഇന്നും നിലനിൽക്കുന്നു. ശാസ്ത്രീയ രീതിയിലുള്ള തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക സഹായവും സാമ്പത്തികസഹായവും പഞ്ചായത്തു നൽകണം. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ആധുനികരീതിയിൽ സജ്ജീകരിച്ച 5 ഫാമുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് അവർ ഉല്പാദിപ്പിക്കുന്ന പാൽ ശേഖരിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല. ക്ഷീരസഹകരണ സംഘങ്ങളെയാണ് ഇവർ ആശ്രയിക്കുന്നത്. എന്നാൽ ചില ക്ഷീരസംഘത്തിന് പാൽശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള ശേഷി ഇല്ല. മിൽമ ഡയറി അധികൃതരുമായി ചർച്ച നടത്തി ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പാൽ നേരിട്ട് ശേഖരിക്കുന്നതിന് സൗകര്യ മൊരുക്കണം. പശുവളർത്തൽ തൊഴിലായി സ്വീകരിച്ച കർഷകർക്കു അവരുടെ ഉല്പാദന ചെലവുമായി പൊരുത്തപ്പെടുന്ന വിലയല്ല പാൽ വില്പനയിൽ നിന്ന് ലഭിക്കുന്നത് എന്ന വിമർശനം നിലനിൽക്കുന്നു. അതിനാൽ ക്ഷീരകർഷകർക്ക് കാലിതീറ്റ സബ്സിഡി, ഉല്പാദന ബോണസ്സ്, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉറപ്പുവരുത്തണം. പാൽ കറക്കുന്നതും ശേഖരിക്കുന്നതും വൃത്തിയുള്ള അന്തരീക്ഷത്തിലായിരിക്കണമെന്ന് അവരെ പഠിപ്പിക്കണം. അത്തരം പാൽ വാങ്ങുന്നതിന്

ഉപഭോക്താക്കൾ നേരിട്ട് സമീപിക്കുന്ന അവസ്ഥ ഉണ്ടാകുന്നതാണ്. അതിനനുസരിച്ച് ചെറുകിട ക്ഷീരകർഷകനു പ്രാപ്തരാക്കുന്നതിന് വിദഗ്ദ ഉപദേശവും പ്രായോഗിക പരിശീലനവും നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് സജ്ജമാകണം.

സൗജന്യമായും സബ്സിഡി നിരക്കിലും വിതരണം നടത്തുന്ന കാലികളേയും കോഴി തുടങ്ങിയവയേയും ശരിയായ രീതിയിൽ പോഷകമൂല്യമുള്ള ആഹാര വസ്തുക്കൾ നൽകി വളർത്തുന്നുണ്ടോയെന്ന് കൃത്യമായ ഇടവേളകളിൽ മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതാണ്. ആവശ്യമായ ചികിത്സ സൗകര്യങ്ങളും ഏർപ്പെടുത്തണം.

## 4. പ്രാദേശിക സാമ്പത്തിക വികസനം

വൻകിട സംരംഭങ്ങളേക്കാൾ ഒരുപ്രദേശത്ത് വികസന മാതൃകകൾ സൃഷ്ടിക്കാൻ കഴിയുന്നത് ചെറുകിട വ്യവസായിക യൂണിറ്റുകൾക്കാണ്. മാതൃകാ പരമായി പ്രവൃത്തിക്കുന്ന ചെറുകിട യൂണിറ്റുകൾ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ട്. 'ലിസ' ഐസ്ക്രീം ഫാക്ടറി ഒരു ഉദാഹരണമാണ്. ചെറുകിട എഞ്ചിനിയറിംഗ് സ്ഥാപനങ്ങൾ, അലമാര നിർമ്മാണ യൂണിറ്റുകൾ, അലുമിനിയം പാത്രം നിർമ്മിക്കുന്ന യൂണിറ്റുകൾ, ചന്ദ്രനഗർ കേന്ദ്രീകരിച്ച് എല്ലാ വിധത്തിലുമുള്ള കച്ചവടസ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഗ്രാമപഞ്ചായത്തിൽ നിലനിന്നുവരുന്നു. വസ്തുനികുതിയിൽ കുറവുവരുത്തിയതുൾപ്പെടെയുള്ള സഹായ സഹകരണങ്ങൾ ഗ്രാമപഞ്ചായത്ത് ചെയ്തു വരുന്നു. ഐ.ടി. സ്റ്റാർട്ടപ്പുകൾ, മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ശ്രമം നടത്തേണ്ടതുണ്ട്

## *5. ദാരിദ്രലഘൂകരണം*

കുടുംബശ്രീ പ്രവർത്തനം പഞ്ചായത്തിൽ നല്ല നിലയിൽ നടക്കുന്നുണ്ട്. ദാരിദ്ര്യലഘൂകരണത്തിന് സഹായമാകുന്ന വിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ചെറുകിട സംരംഭങ്ങൾ ആരംഭിച്ച് പ്രാവർത്തികമാക്കാൻ കുടുംബശ്രീകളെ സജ്ജമാക്കണം ഗ്രോബാഗ്, ബാഗ് നിർമ്മാണം ചെറുകിട കച്ചവടം, പാട്ടകൃഷി, പച്ചക്കറി കൃഷി എന്നിവ ഇപ്പോൾ നടന്നുവരുന്നുണ്ട് ലാൺട്രി, ഡ്രൈക്ലിനിങ്ങ്, സോപ്പ്, കുട, ഗാർ മെന്റ്സ്, ന്യൂട്രിമിക്സ്, പപ്പടം, ചപ്പാത്തി, പത്തിരി, കൂവപ്പൊടി, പഴം, പച്ചക്കറി സംസ്കരണം, പ്ലാസ്റ്റിക് സംസ്കരണം, ജൈവവള നിർമ്മാണം എന്നിവ കുടുംബശ്രീ വഴി നടത്താവുന്ന സംരഭങ്ങളാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ബാങ്ക് വഴി വായ്പാ സൗകര്യവും ലഭ്യമാണ് കാർഷിക ജില്ലയായ പാലക്കാട് അരി പ്രധാന ഉല്പന്നമാണ്. അതിൽ നിന്നും ഉപ ഉല്പ്പന്ന ങ്ങൾ ഉണ്ടാക്കുവാൻ ആവശ്യമായ പരിശീലനം കുടുംബശ്രീ അംഗങ്ങൾക്ക് നല്കണം. കാർഷികമേഖലയിലാണെങ്കിൽ പച്ചക്കറികൃഷി, പുഷ്പകൃഷി, തീറ്റപ്പുൽ കൃഷി, കോഴിഫാം, ആടുവളർത്തൽ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. കുടുംബശ്രീ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പ്പന്നം വിപണനം നടത്തുന്നതിനുള്ള സ്ഥിരം സംവിധാനം പഞ്ചായത്തിന്റെ സഹായ ത്തോടെ ഒരുക്കണം. കൂടാതെ ഉല്പന്ന വിപണനത്തിനായി ട്രേഡ് ഫെയറുകൾ സംഘടി

പ്പിക്കാൻ ആവശ്യമായ സൗകര്യം പഞ്ചായത്ത് നൽകണം.

ഭൂരഹിതരും ഭവനരഹിതരുമായവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്

***ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലൈഫ് Life (Livelihood Inclusion and Financial Empowerment) മിഷനിലൂടെ അനുവദിക്കുന്നു***

കുടുംബശ്രീ മാതൃകയിൽ പുരുഷന്മാരുടെയും കൂട്ടായ്മ ഉണ്ടാക്കി പ്രാദേശിക സാമ്പത്തിക വികസനത്തിനായി നൈപുണ്യ വികസനവും മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ശ്രമം നടത്തേണ്ടതുണ്ട്.

## *6. സാമൂഹ്യനീതി :*

സാമൂഹ്യക്ഷേമപദ്ധതികൾ വളരെ കാര്യക്ഷമമായി പഞ്ചായത്തിൽ നടക്കുന്നുണ്ട് അംഗൺവാടികൾ എല്ലാം തന്നെ സജ്ജീവമായി രംഗത്ത് ഉണ്ട് 30 അംഗൺവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അതിൽ 5 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് എല്ലാം തന്നെ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു നൽകണം. ആയതിന് ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തണം. പഞ്ചായത്തിലെ പുറംപോക്ക് ഭൂമികൾ ഈ ആവശ്യത്തിനും അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം. പഞ്ചായത്തിലെ 30 അംഗൻവാടി വഴി 967 കുട്ടികൾക്ക് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടി (11–18) 1601 കുട്ടികൾ ഉണ്ട്. അവർക്കെല്ലാം പോഷകാഹാരം ഉറപ്പാക്കേണ്ടതുണ്ട് കൂടാതെ ഓട്ടിസം, കേൾവിക്കുറവ്, സംസാരശേഷി ഇല്ലാത്തവർ, അംഗപരിമിതർ തുടങ്ങി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. ഇവർക്കായി ആധുനിക പഠന ഉപകരണങ്ങൾ സംഘടിപ്പിക്കണം. അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. എല്ലാ അംഗൻവാടികളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തണം. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സാമൂഹ്യസന്നദ്ധസംഘടനകളുടെ സഹായത്തോടെ പാർപ്പിടവും ഭക്ഷണവും ഉറപ്പ് വരുത്തണം. കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ് (അലോപ്പതി, ആയുർവ്വേദം, ഹോമിയോ) എല്ലാ അംഗൻവാടികളിലും കുട്ടികൾക്ക് കളിക്കുവാൻ ആവശ്യമായ കളിസ്ഥലം നിർമ്മിക്കണം. ജാഗ്രത സമിതി പ്രവർത്തനം വളരെ ഗൗരവമായി നടത്തണം. പഞ്ചായത്തിലെ മുഴുവൻ ദുർബലരായ വിഭാഗങ്ങൾക്ക് താമസയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകണം. ആയതിന് പാർപ്പിട സമുച്ചയം എന്ന ആശയത്തിന് ഊന്നൽ നൽകണം. പുറംപോക്കു ഭൂമികൾ കണ്ടെത്തി അവിടെ ഭവന സമുച്ചയം, പണിയുന്നതി നായി നടപടി ആരംഭിക്കണം. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന ഇതര സംഘടന കളേയും വ്യക്തികളേയും സമീപിച്ച് അവരുടെ കൂടി സഹായത്തോടെ ഇവ പ്രാവർത്തിക

മാക്കണം. എല്ലാ അംഗനവാടികളും സ്മാർട്ട് അംഗനവാടികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വ്യവഹാര രഹിത പഞ്ചായത്ത് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## 7. വനിതാ വികസനം

ജനസംഖ്യയുടെ പകുതിയോളം ഉണ്ടെങ്കിലും സാമ്പത്തിക അസമത്വം നേരിടുന്ന വിഭാഗമാണ് വനിതകൾ. വനിതകളുടെ അന്തസ്സും സാമൂഹിക പദവിയും ഉയർത്തുന്നതിനു വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്ത പട്ടികജാതി വനിതകൾക്ക് വീടുവയ്ക്കാനുള്ള സ്ഥലം നൽകാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ വനിതകൾക്കായി നിർമ്മിച്ചിട്ടുള്ള ശുചിമുറികളുടെ അപര്യാപ്തത മറ്റൊരുപ്രധാന പ്രശ്നമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായ തുക വകയിരുത്തുന്നു. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി പെൺകുട്ടികൾക്ക് കായിക പരിശീലനവും ആയോധന മുറകളും പരിശീലിപ്പിക്കുന്നു. സ്ത്രീകളുടെ പ്രത്യേക ആരോഗ്യ സംരക്ഷണത്തിനായി യോഗ പരിശീലനവും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്

## 8. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം :

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നുണ്ടെങ്കിലും അതു പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉള്ള സാങ്കേതിക സഹായവും, സാമ്പത്തിക സഹായവും ഇവർക്ക് ഒരുക്കി കൊടുക്കണം. കുടുംബശ്രീ സംവിധാനം വഴി പശു വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ, പച്ചക്കറികൃഷി, തീറ്റപ്പുൽകൃഷി തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുവാൻ ഇവരെ പ്രേരിപ്പിക്കണം. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തണം. പഠനാവശ്യങ്ങൾക്കായുള്ള പുസ്തകം, ലാപ്പ്ടോപ്പ് മറ്റു ഉപകരണങ്ങൾ, സൈക്കിൾ എന്നിവ സൗജന്യമായി വിതരണം നടത്തണം. കലാകായികരംഗത്ത് ഇവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ക്ലാസ്സുകളും, സ്പെഷൽ ക്ലാസ്സുകളും സംഘടിപ്പിക്കണം. പുരുഷ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കാർഷിക പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനെ ഇവരെ പ്രാപ്തരാക്കണം. ഇതോടൊപ്പം പഞ്ചായത്തിൽ ഒന്നോ രണ്ടോ കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച് പൊതുപരിപാടികൾക്ക് ഉപയുക്തമാക്കണം. എസ്.സി. കോളനികളിൽ കുടിവെള്ളത്തിനായി പൊതു ടാങ്ക് നിർമ്മിക്കുക. കുടിവെള്ളം ശേഖരിക്കുന്നതിനായി പി.വി.സി. വാട്ടർ ടാങ്ക് അനുവദിക്കുക. കോളനികൾക്കുള്ളിലെ റോഡുകൾ അറ്റകുറ്റപണി നടത്തുക.

## 9. ആരോഗ്യം :

ആരോഗ്യരംഗത്ത് കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണെങ്കിലും. നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യ പരിപാലനം ശരിയായ നിലയിൽ ലഭിക്കുന്നില്ല.

ഗ്രാമങ്ങളിലെ കുട്ടികളിൽ പോഷകാഹാര കുറവ്, വിളർച്ച, ഭാരമില്ലായ്മ, എന്നിവ സർവ്വസാധാരണമാണ്. പ്രധാനപ്പെട്ട ആശുപത്രികൾ മെഡിക്കൽ ക്ലിനിക്കുകൾ ലബോറട്ടറികൾ എന്നിവ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ ഒരു PH സെന്ററും ഹോമിയോ ആശുപത്രിയും, ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും അതുവഴി പൂർണ്ണമായ തോതിൽ വൈദ്യസഹായം ലഭിക്കുന്നില്ല.

നിലവിലുള്ള PH സെന്റർ ആശുപത്രിയാക്കി മാറ്റി രോഗികളെ കിടത്തിചികിത്സിക്കുവാനുള്ള സൗകര്യമൊരുക്കണം. നിലവിൽ ഒരു ഡോക്ടറുടെ സേവനമാണ് ഇവിടെ ലഭ്യമാകുന്നത്. സ്ഥിരമായ RMO തസ്തികയിൽ ഡോക്ടറെ നിയമിച്ച് സേവനം എല്ലാ സമയത്തും ലഭ്യമാക്കണം. രോഗനിർണ്ണയത്തിനാവശ്യമായ ക്ലിനിക്കൽ ലബോറട്ടറി സംവിധാനം, മരുന്നുകൾ സൂക്ഷിക്കുവാനാവശ്യമായ AC സംവിധാനത്തോടെയുള്ള സ്റ്റോർസ് സംവിധാനം എന്നിവ സജ്ജീകരിക്കണം. രോഗികൾക്ക് വിശ്രമിക്കുവാനും അവർക്ക് ഉപയോഗിക്കുവാൻ ഉതകുന്നതരത്തിൽ ടോയ്‌ലറ്റ് സംവിധാനവും കുടിക്കാൻ ശുദ്ധജല ശേഖരണവും ഒരുക്കണം. ഓരോ വാർഡിലും ആരോഗ്യസമിതി രൂപീകരിച്ച് മാസത്തിൽ ഒരിക്കൽ എന്ന കണക്കിൽ സമ്മേളിച്ച് വാർഡിലെ ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. ആശുപത്രിയിലെ ഹെൽത്ത് വർക്കർമാരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തണം പരിഹരിക്കാൻ പറ്റാത്ത ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ജില്ലാആശുപത്രിയിലേക്കോ, മെഡിക്കൽ കോളേജിലേക്കോ റഫർ ചെയ്യണം. ഈ സമിതിയുടെനേതൃത്വത്തിൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനായുള്ള നടപടികൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കണം. AIDS, TB, മന്ത് എന്നീ രോഗാവസ്ഥയെ സംബന്ധിച്ച് മേൽ സമിതിയുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണം.

മഴക്കാല രോഗങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം. ഇതിന് ആശ വർക്കർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പാലിയേറ്റീവ് കെയർ നടത്തുന്നതിൽ പഞ്ചായത്തിലെ ഇതരസന്നദ്ധസംഘടനകളുടെ സഹായം കൂടി പ്രയോജനപ്പെടുത്തണം. സേവനതൽപരരായ ആളുകളെ കണ്ടെത്തി അവരുടെ കൂടി സഹായം ഇതിന് ഉപയോഗിക്കണം.

ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾ ജനസൗഹൃദസ്ഥാപനങ്ങളാക്കണം. വാർധക്യസഹജമായ രോഗങ്ങൾക്കുള്ള ആയുർവേദ മരുന്നുകൾ വിതരണം നടത്തുവാൻ കഴിയണം. ചുരുങ്ങിയത് ഒരാഴ്ചക്കാലത്തേക്ക് ഉപയോഗിക്കുവാൻ ആവശ്യമായ മരുന്നുകൾ വിതരണം നടത്തുവാൻ കഴിയണം. ഇത്തരം ക്ലിനിക്കുകളിലും രോഗികൾക്ക് വിശ്രമിക്കാൻ സൗകര്യം, ടോയ്‌ലറ്റ് എന്നീ സംവിധാനവും ഉണ്ടായിരിക്കണം. ശുദ്ധമായ വെള്ളം രോഗികൾക്ക് ലഭ്യമാക്കണം. വർഷത്തിൽ ഒരിക്കൽ ആയുർവേദ ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം. ആയൂർവേദ ഡിപ്പൻസറിയുമായി ബന്ധപ്പെടുത്തി ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കാനും

വയോജനങ്ങളുടേയും സ്ത്രീകളുടേയും ആരോഗ്യസംരക്ഷണത്തിനായി യോഗ പരിശീലനവും ക്ലിനിക്കുകളും ആരംഭിക്കുക. മേൽപ്പറഞ്ഞ കാര്യങ്ങൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുകയും പ്രവർത്തികൾക്ക് മേൽ പരിശോധന നടത്തുകയും വേണം.

## *10. കുടിവെള്ളം, ശുചിത്വം*

പഞ്ചായത്തിലെ എല്ലാവാർഡുകളിലും കുടിവെള്ളം ലഭ്യമാണെങ്കിലും ബോർവെല്ലിൽ നിന്ന് നൽകുന്ന വെള്ളം ശുദ്ധീകരിക്കപ്പെടുന്നില്ല. ബോർവെല്ലിൽ നിന്ന് വെള്ളം നേരിട്ട് വിതരണം നടത്തുന്നതിനാൽ അതിലെ മൂലകങ്ങളുടെ ഘടന സംബന്ധിച്ച് പരിശോധന നടക്കുന്നില്ല. അതിനാൽ പല വാർഡുകളിലും ലഭിക്കുന്ന ബോർവെൽ വെള്ളം ഉപയോഗയോഗ്യമല്ലന്ന് വിമർശനം ഉണ്ടാകുന്നു. ഇതിന് ഒരു പരിഹാരമെന്നനിലയിൽ എല്ലാവാർഡുകളിലേക്കും ഫിൽറ്റർ ചെയ്ത മലമ്പുഴ വെള്ളം എത്തിക്കുവാനുള്ള നടപടി വേണം. നിലവിലുള്ള വീടുകളിലെ കിണറു വെള്ളത്തിൽ അടങ്ങിയ മൂലകങ്ങളുടെ ഘടന സംബന്ധിച്ച് പരിശോധന നടത്തി വെള്ളം ഉപയോഗയോഗ്യമാണെന്ന് ഉറപ്പ് വരുത്തണം എല്ലാവീടുകളിലും ജല ജീവൻ മിഷൻ മുഖേന ശുദ്ധമായ വെള്ളം എത്തിക്കുവാൻ ആവശ്യമായ ടാപ്പുകൾ ഘടിപ്പിക്കുന്നതിനു പദ്ധതി രൂപീകരിക്കണം. 5 വർഷം കൊണ്ട് എല്ലാ വീട്ടിലും പൈപ്പ് കണക്ഷൻ എത്തിക്കണം. സ്വകാര്യ കിണറുകൾ ഉൾപ്പെടെ പഞ്ചായത്തിലെ മുഴുവൻ കിണറുകളും വൃത്തിയാക്കുന്നതിനും വെള്ളസംഭരണം ഉറപ്പുവരുത്തുവാനും പദ്ധതികൾ രൂപീകരിക്കണം. പൊതുകുളങ്ങൾ സ്വകാര്യകുളങ്ങൾ എന്നിവ വൃത്തിയാക്കി സൂക്ഷിക്കു ന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം. മഴവെള്ളം സംഭരിക്കുന്നതിനായി കുളങ്ങളിലും കിണറുകളിലും മറ്റും മഴവെള്ള കൊയ്ത്ത് പദ്ധതികൾ ആവിഷ്കരിക്കണം.

## *മാലിന്യസംസ്കരണം :*

മാലിന്യപ്രശ്നം ഇന്നു ഒരു സാമൂഹിക വിപത്തായി മാറിയിരിക്കുന്നു ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ശരിയാം വണ്ണം ഉപയോഗപ്പടുത്തുകയാണെങ്കിൽ അതു നാടിന് സമ്പത്താണ് ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള കർമ്മ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതു പ്രാവർത്തികമാക്കുന്നവർ വളരെ ചുരുക്കം ആളുകളാണ്. പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വ്യാപകമാക്കിയാൽ മാത്രമെ ഒരു പരിധിവരെ ഇത് നിയന്ത്രിക്കാൻ സാദ്ധ്യമാകു. അതിനു നിരന്തരമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം. കുടുംബശ്രീ സംവിധാനം വഴി വാർഡുകൾ തോറും നിരന്തരപ്രചരണ പരിപാടി സംഘടി പ്പിക്കണം. അതിനുള്ള പരിശീലന പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം.

പ്ലാസ്റ്റിക് മാലിന്യങ്ങൾ അതാതുവീടുകളിൽ തന്നെ വൃത്തിയായി സൂക്ഷിച്ചു

വെയ്ക്കുവാനും മാസത്തിലൊരിക്കൽ അവ പഞ്ചായത്ത് നിയോഗിക്കുന്ന ഹരിതകർമ്മസേന ശേഖരിച്ച് നിയമാനുസരണം കയ്യൊഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ആയത് ഊർജ്ജിതമാക്കണം. ഇത്തരത്തിൽ പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ വീടുകളിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഉപയുക്തമായ രീതിയിലുള്ള ട്രാഷ്ബാഗുകൾ പഞ്ചായത്ത് വിതരണം നടത്തണം. ഗുണഭോക്തൃവിഹിതമായി ഒരു നിശ്ചിതമായ തുക ഓരോ വീടുകളിൽ നിന്നും ഈ ഇനത്തിൽ ശേഖരിക്കാവുന്നതാണ്. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് തുണിസഞ്ചികൾ വിതരണം നടത്താവുന്നതാണ്. തുണിസഞ്ചികൾ കലാപരമായി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിന്ന് പ്രാപ്തരായ കുടുംബശ്രീകളെ ഏല്പിക്കാവുന്നതാണ് പഞ്ചായത്തിലെ ഹൗസിങ്ങ് കോളനികളിൽ പ്ലാസ്റ്റിക് ഷ്റെഡിങ്ങ് മെഷിൻ പ്ലാസ്റ്റിക് ഇവേസ്റ്റ് ബാളിങ്ങ് പ്രസ്സ് മെഷിൻ എന്നിവ വാങ്ങി അതാതുകോളനികളിലെ പ്ലാസ്റ്റിക് വേസ്റ്റ് സംസ്കരിക്കുവാൻ കോളനി വെൽഫേർ കമ്മറ്റികളെ പ്രേരിപ്പിക്കാവുന്നതാണ്. മാർക്കറ്റ് പ്രദേശങ്ങളിലെ ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും ഇത്തരത്തിൽ സംസ്ക്കരിക്കുന്നതിന്നു കച്ചവട സംഘടനകളുമായി ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്, വലിയ ഹോട്ടലുകൾ കല്ല്യാണ മണ്ഡപം എന്നിവിടങ്ങളിൽ അവരവരുടെ ചെലവിൽ തന്നെ മാലിന്യസംസ്ക്കരണം നടത്തുവാൻ നിർബന്ധിക്കണം. പൊതു സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ കെട്ടിട അവശിഷ്ട മാലിന്യങ്ങൾ, ക്വാറി മാലിന്യം എന്നിവ നിക്ഷേപിക്കുന്നത് കർശനമായി തടയണം. ഇത് ജൈവ വൈവിധ്യങ്ങളേയും മണ്ണിനേയും, പരിസ്ഥിതിയേയും ബാധിക്കുന്നതാകയാൽ ഇത് തടയേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് സൗകര്യങ്ങൾ ഉണ്ടെങ്കിലും ചില വ്യക്തികളും അന്യസംസ്ഥാന തൊഴിലാളികളും വെളിപ്രദേശങ്ങൾ മലമൂത്ര വിസർജ്ജനത്തിനായി ഉപയോഗിക്കുന്നു. ഇത്തരം ആളുകളുടെ ഇടയിൽ നിരന്തരമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം. കക്കൂസു നിർമ്മിക്കാതെ കുടിൽ കെട്ടി നമ്പറിന് പഞ്ചായത്തിനെ സമീപിക്കുമ്പോൾ നമ്പർ നല്കുന്നത് കർശനമായി നിയന്ത്രിക്കണം വഴിയോരങ്ങളിൽ പുറമെ നിന്ന് വേസ്റ്റ് കൊണ്ടുവന്ന് നിക്ഷേപിക്കുന്നതും തടയാൻ സാദ്ധ്യമായ സ്ഥലത്ത് CCTV സംവിധാനം ഏർപ്പെടുത്തണം. കൂടാതെ ഇത്തരം പ്രദേശങ്ങൾ ചെറുപ്പക്കാരുടെ സംഘങ്ങൾ രൂപീകരിച്ച് നിരീക്ഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണം. മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിയമാനുസൃത ശിക്ഷാനടപടികളും, പിഴയും ഈടാക്കണം.

***വനവൽക്കരണം :***

മനുഷ്യരാശിക്ക് ഓക്സിജൻ പ്രധാനം ചെയ്യുന്ന ഒരു മഹാസംഭവമാണ് മരങ്ങൾ. പൊതുസ്ഥലങ്ങളിൽ മരംവെച്ചു പിടിപ്പിക്കയും അവയെ സംരക്ഷിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഓരോ വീട്ടിലും ഒരു മരം വീതം എന്ന കണക്കിൽ മരം വെച്ച് പിടിപ്പിക്കൽ പ്രക്രിയ തുടരേണ്ടതാണ്. കനാൽപുറംപോക്കുകളിലും മറ്റു ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലും വനൽക്കരണം സംഘടിപ്പിക്കണം. NREGS

പ്രവർത്തകരെ ഇതിന്റെ പരിപാലനത്തിന് നിയോഗിക്കാവുന്നതാണ്. മരത്തിന്റെ പ്രാധാന്യം സംബന്ധിച്ച് കുട്ടികൾക്ക് സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്തണം. എല്ലാ സ്കൂളുകളിലും മരം വെച്ചുപിടിപ്പിക്കൽ പരിപാടി സംഘടിപ്പിക്കണം. നമ്മുടെ പഞ്ചായത്തിലെ PH സെന്റർ അംഗൻവാടികൾ മൃഗാശുപത്രികൾ ICDS ഓഫീസുകൾ എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. പച്ചമരുന്നുകൾ, ചെറുവനങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനായി പ്രകൃതി സ്നേഹികളേയും പൊതുപ്രവർത്തകരേയും ഉൾപ്പെടുത്തി പദ്ധതി ആവിഷ്ക്കരിക്കണം.

## *11. വിദ്യാഭ്യാസം : കലയും, സംസ്കാരവും, യുവജനകാര്യം*

പഞ്ചായത്തിൽ സർക്കാർ മേഖലയിൽ 4 LP സ്ക്കൂളുകളും ഒരു ടെക്നിക്കൽ ഹൈസ്ക്കൂളുകളും, ഒരു സാങ്കേതിക വിദ്യാഭ്യാസ കോളേജും (IHRD College) പ്രവർത്തിക്കുന്നു. കൂടാതെ ഒരു എയ്ഡഡ് ഹൈസ്ക്കൂളുകളും രണ്ട് എയ്ഡഡ് യു.പി. സ്കൂളും രണ്ട് അൺ എയ്ഡഡ് സ്ക്കൂളും പ്രവർത്തിക്കുന്നു. സർക്കാർ വിദ്യാലയങ്ങളിൽ നിന്നു വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു. മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഒരുക്കുകയാണെങ്കിൽ ഈ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാവുന്നതാണ്. ചില എയ്ഡഡ് സ്കൂളുകൾ ഇന്ന് അടച്ചു പൂട്ടൽ ഭീഷണിയിലാണ്. ഇത്തരം സ്കൂളുകൾ എല്ലാം ധനസമ്പാദനമാർഗ്ഗത്തിനുള്ള സ്ഥാപനമാക്കി മാറ്റുവാൻ ചില സ്കൂൾ മാനേജ്മെന്റുകൾ ശ്രമിക്കുന്നതും ഇതിനു കാരണമാണ്. റിയൽ എസ്റ്റേറ്റ് കച്ചവടത്തിനായി സ്കൂളുകൾ പൂട്ടുവാൻ ഉദ്ദേശിക്കുന്ന മാനേജ്മെന്റിനെ മാറ്റി അത്തരം സ്കൂളുകൾ സർക്കാരോ പഞ്ചായത്തോ ഏറ്റെടുത്ത് നടത്തുവാൻ നടപടി വേണം

എല്ലാ സർക്കാർ വിദ്യാലയങ്ങളും ഹൈടെക് വിദ്യാലയങ്ങളാക്കി മാറ്റുവാൻ പദ്ധതികൾ രൂപീകരിക്കണം. കമ്പ്യൂട്ടർ സംവിധാനം, ലൈബ്രറി, ലബോറട്ടറി എന്നി സജ്ജീകരണങ്ങൾ സ്ക്കൂളുകളിൽ ഒരുക്കണം. കുട്ടികൾക്ക് കളിക്കുന്നതിനായി നല്ല ഗ്രൗണ്ടുകളും സജ്ജമാക്കണം. പാഠ്യവിഷയങ്ങളോടൊപ്പം പാഠ്യേതരവിഷയങ്ങളിലും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം. കലാകായിക വിഷയങ്ങളിൽ അഭിരുചി ഉണ്ടാക്കുവാൻ ഉതകുന്ന പദ്ധതികൾ രൂപീകരിക്കണം. ഗണിതം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തണം. കായിക മത്സരങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ കായിക വാസന വർദ്ധിപ്പിക്കണം. സ്കൂളുകളിൽ കായിക വിനോദങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കാർഷിക പ്രവർത്തിയിൽ താല്പര്യം വളർത്തുവാൻ അടുക്കളത്തോട്ട നിർമ്മാണം, കോഴിവളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം പഞ്ചായത്തുവഴി നൽകണം. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് വീട്ടിലും, സ്കൂളിലും മരം വെച്ച് പിടിപ്പിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സ്പോട്സിൽ താൽപര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി സ്പോട്സ് കിറ്റ് ലഭ്യമാക്കണം. സാമൂഹ്യസംഘടനകൾ, വ്യക്തികൾ

ക്ലബ്ബുകൾ എന്നിവരെ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ യുവജനങ്ങളുടെ കലാകായിക പ്രതിഭ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യമൊരുക്കി കൊടുക്കണം. കായിക വിനോദങ്ങൾക്ക് ആവശ്യമായ കളിസ്ഥലങ്ങൾ ആരോഗ്യപരിപാലനത്തിനുള്ള ജിംനേഷ്യങ്ങൾ എന്നിവ സജ്ജമാക്കണം. പഞ്ചായത്തിൽ സൗകര്യപ്രദമായ കളിസ്ഥലങ്ങൾ ആക്കുന്നതിന് ആവശ്യമായ നടപടികൾ വേണം. പഞ്ചായത്തിൽ ഒന്നോ രണ്ടോ ജിംനേഷ്യ സ്ഥാപിക്കണം. നിലവിലുള്ള കളിസ്ഥലങ്ങൾ ശാസ്ത്രീയ രീതിയിൽ പരിപാലിക്കണം.

## *12. പൊതുമരാമത്ത് (വൈദ്യുതിയും ഊർജവും ഉൾപ്പടെ)*

പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിലും റോഡ് സൗകര്യം ഉണ്ടെങ്കിലും അവ പരിരക്ഷിക്കുന്നത് ശരിയായ രീതിയിൽ നടക്കുന്നില്ല. പുതിയ റോഡുകൾ നിർമ്മിക്കുന്ന തിലുപരി നിലവിലുള്ളവ സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. റോഡ് പരിരക്ഷണത്തിനും മേൽനോട്ടത്തിനുമായി വാർഡ് തലത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കണം. സറണ്ടർ ചെയ്തു നൽകുന്ന സ്ഥലത്ത് ഉടൻ തന്നെ റോഡ്പണി ആരംഭിക്കണം. വെള്ളക്കെട്ട് ഉള്ള പ്രദേശത്ത് കോൺക്രീറ്റ് റോഡ് പണിക്ക് മുൻഗണന നൽകണം. ടൈൽസ് പാകുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ശരിയായ രീതിയിലുള്ള ഡ്രൈനേജിന്റെ അഭാവം ഒരു പ്രശ്നമാണ്. വടക്കേ കൽമണ്ഡപം പോലുള്ള സ്ഥലത്ത് ഡ്രൈനേജ് എർപ്പെടുത്തു ന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം നിലവിലെ അവസ്ഥ പകർച്ച വ്യാധികളുടെ വ്യപനത്തിന് സഹായകമായതാണ്. റോഡിന്റെ വീതി കുറവ് ഡ്രൈനേജ് നിർമ്മാണത്തിന് തടസ്സമാക്കാറുണ്ട്. വീതി കുറഞ്ഞ റോഡുകൾ എല്ലാം തന്നെ കോൺക്രീറ്റ് ചെയ്ത് ഒരു വശത്തേക്ക് ചരിവ് നല്കി വെള്ളത്തിന്റെ ഒഴുക്ക് ക്രമപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ പാടശേഖരങ്ങൾ മണ്ണിട്ട് നികത്തിയാണ് പല വീടുകളും ഫ്ളാറ്റുകളും നിർമ്മിക്ക പ്പെട്ടിരിക്കുന്നത്, ഇതുമൂലം വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും വെള്ളകെട്ട് ഉണ്ടാവുകയും ചെയ്യുന്നു. ഫ്ളാറ്റുകൾ പണിയുന്നതിന് അനുവാദം നൽകുന്ന സമയത്തു തന്നെ നീരൊഴുക്ക് തടസ്സപ്പെടുമോയെന്ന് എൻജിനീയറിങ്ങ് വിഭാഗം പരിശോധിക്കുകയും ബന്ധപ്പെട്ട ഫ്ളാറ്റ്/ വീട് ഉടമസ്ഥനിൽ നിന്ന് നീരൊഴുക്കിന് തടസ്സമില്ലാത്ത വിധം കെട്ടിടം പണിയുമെന്നും ആവശ്യമായ തരത്തിൽ ഡ്രൈനേജ് നിർമ്മിക്കുമെന്നും ഉറപ്പ് എഴുതി വാങ്ങേണ്ടതാണ്. റോഡുകളിൽ ഡ്രൈനേജ് നിർമ്മിക്കുമ്പോൾ അതിൽകൂടി ഒഴുകുന്ന വെള്ളം എവിടെ എത്തിച്ചേരുമെന്ന് മുൻകൂട്ടി മനസ്സിലാക്കണം. ഡ്രൈനേജ് പൂർണ്ണമായ സ്ലാമ്പ് ഇട്ട് മൂടുന്ന വിധത്തിലായിരിക്കണം. പൊതുറോഡുകളിലും കോളനിക്കുള്ളിലെ വീടിനു മുൻവശത്തുള്ള റോഡുകളുടെ ഇരുവശത്തും സ്വകാര്യ വ്യക്തികൾ പലതരം അലങ്കാര ചെടികൾ വെച്ച് പിടിപ്പിക്കുന്നത് റോഡിന്റെ വീതിയേയും, സുഗമമായ സഞ്ചാരത്തേയും ബാധിക്കുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനം കൊണ്ട് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ശ്രീ. ടി. ശിവദാസമേനോൻ വിദ്യുഛക്തി മന്ത്രിയായിരുന്ന കാലത്താണ് പഞ്ചായത്തിലെ എല്ലാവാർഡുകളിലും പൂർണ്ണമായി വൈദ്യുതി എത്തിക്കാൻ സാധിച്ചത്.

മഴയെ ആശ്രയിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഹൈഡ്രോ പ്രോജക്ടുകളാണ് കേരളത്തിലധികവും മഴയുടെ ലഭ്യത കുറഞ്ഞു വരുന്നതിനാൽ വൈദ്യുതിയുടെ ലഭ്യത നാൾക്കനാൾ കുറഞ്ഞുവരികയാണ്. സൗരോർജ്ജം വഴി വൈദ്യുതി ശേഖരിക്കുകയാണെങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുന്നതാണ്. അതുകൊണ്ട് സൗരോർജ്ജം വഴി വൈദ്യുതി ശേഖരിക്കാൻ ആവശ്യമായ സാങ്കേതിക സഹായം ചെയ്തു കൊടുക്കുകയാണെങ്കിൽ നമ്മുടെ ഹൗസിങ്ങ് കോളനികളിൽ താമസിക്കുന്നവർ, മറ്റു ഇടത്തരക്കാർ തുടങ്ങിയവർ ഇത് പ്രയോജനപ്പെടുത്തുന്നതാണ്. അതുമൂലം നാട്ടിൽ വൈദ്യുതി ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ കഴിയുതാണ്. എല്ലാ തെരുവ് വിളക്കുകളും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്നവിധം രൂപാന്തരപ്പെടുത്തണം. ആദ്യഘട്ടത്തിൽ എല്ലാവീടുകളിലും LED ബൾബുകൾ ഉപയോഗിക്കുന്നതിന് KSEB പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും പഞ്ചായത്ത് തലത്തിലും ഇതിന് പ്രോത്സാഹനം നൽകണം. ഇതു സംബന്ധിച്ച ബോധവൽക്കരണ പരിപാടി വാർഡ് തലത്തിൽ സംഘടിപ്പിക്കണം. ആയതിൽ സ്ഥലത്തെ ക്ലബുകൾ, വായനശാലകൾ, സാമൂഹ്യസംഘടനകൾ വ്യാപാരി സമിതികൾ, ക്ലബുകൾ SHG ഗ്രൂപ്പുകൾ എന്നിവരെ കൂടി പങ്കെടുപ്പിക്കണം. പഞ്ചായത്തിന്റെ കീഴിലുള്ള PH സെന്റർ, കൃഷിഓഫീസ്, ഹോമിയോ ആയുർവ്വേദ ആശുപത്രികൾ സ്കൂളുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തണം. സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിച്ച് വൈദ്യുതി ഉപഭോഗം കുറക്കുന്നതിന് ഉതകുന്ന രീതിയിൽ രൂപപ്പെടുത്തണം.

## 13. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

### പ്രശ്നങ്ങൾ

ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു പ്രളയം. മരുതറോഡ് ഗ്രാമപഞ്ചായത്തിൽ പ്രളയം സാരമായി ബാധിച്ചിട്ടില്ലെങ്കിൽപോലും മരുതറോഡ് ഗ്രാമപഞ്ചായത്തിലെ 11 റോഡുകൾക്ക് നാശം സംഭവിച്ചു. ഇതിൽ 2 പാലങ്ങളും 3 കനാൽ ബണ്ട് റോഡുകളും 4 സൈഡ് പ്രൊട്ടക്ഷനുകളും ഉൾപ്പെടും. പടലിക്കാട് കനാൽ ബണ്ട് ഇടിഞ്ഞ് പ്രദേശത്തെ റോഡിനും നാശം സംഭവിച്ചു. 94 ഹെക്ടർ കൃഷിയും നശിച്ചു. 28 വീടുകൾ പൂർണ്ണമായും 97 വീടുകൾ ഭാഗീകമായും തകർന്നു.

**പരിഹാരം**

വീടുകൾ നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ പാർപ്പിടം, നഷ്ടപ്പെട്ട ആസ്തികൾ എന്നിവ വീണ്ടെടുക്കേണ്ടതുണ്ട്. പരിസ്ഥിതി സുരക്ഷയ്ക്ക് മുൻഗണന നൽകി പഞ്ചായത്തിലെ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും പുതിയവ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലാവസ്ഥ വ്യതിയാനക്കെടുതികൾ നേരിടുന്നതിനും ലഘൂകരിക്കുന്നതിനുമായി ദുരന്തനിവാരണ സജ്ജീകരണങ്ങൾ ഒരുക്കുന്നതാണ്. കാലാവസ്ഥയ്ക്കനുസരിച്ച് പ്രദേശത്ത് അനുയോജ്യമായ കൃഷി തിരഞ്ഞെടുക്കുന്നതിനായി കാർഷിക കലണ്ടർ തയ്യാറാക്കി തരിശുഭൂമിയിൽ ഉൾപ്പെടെ കൃഷി പ്രോത്സാഹിപ്പിച്ച് ഉൽപാദനമേഖലയിൽ വർദ്ധനവും ഒപ്പം കാർഷിക സമ്പുഷ്ട പഞ്ചായത്താക്കി മാറ്റാൻ ഉദ്ദേശിക്കുന്നു.

ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള കനാൽ പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തി കൃഷി വകുപ്പും, ഇറിഗേഷൻ വകുപ്പും, പഞ്ചായത്തും, എം.ജി.എൻ.ആർ.ജി.എസും കൂടി സംയോജിപ്പിച്ച് കൊണ്ട് കനാലിന്റെ ഇരുവശങ്ങളിലും ഒട്ടുമാവിൻ തൈകളും നെല്ലി തൈകളും മറ്റ് ഫല വൃഷങ്ങളും വെച്ചുപിടിപ്പിച്ച് ഇടവേളകളിൽ ചെണ്ടുമല്ലി, കുറ്റിമുല്ല കൃഷി എന്ന നൂതന പദ്ധതി ആസൂത്രണം ചെയ്ത് ഫലപുഷ്പസമൃദ്ധ പഞ്ചായത്താക്കി മാറ്റുന്നതിന് ആലോചിക്കുന്നു. പഞ്ചായത്തിന്റെ കാർബൺ നിയന്ത്രിത പഞ്ചായത്തിന്റെ ഭാഗമായി മിയോവാക്കി രീതി ചെറുവനങ്ങൾ സൃഷ്ടിക്കൽ എന്നിവയും ആലോചിക്കുന്നുണ്ട് പ്രളയം, കോവിഡ് - 19 എന്നിവയെ നേരിടുന്നതിന് ഒരു ദുരന്ത നിവാരണ സേന രൂപീകരിച്ചിട്ടുള്ളതിന്റെ പ്രവർത്തനവും ആർ.ആർ.ടി. കളുടേയും പ്രവർത്തനങ്ങളുടെയും പ്രവർത്തനം ശക്തിപ്പെടുത്തണം. പഞ്ചായത്തിനെ കാർബൺ ന്യൂട്രൽ പഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി മിയോവാക്കി രീതി, ചെറുവനങ്ങൾ, പച്ചത്തുരുത്ത്, വാർഡുകൾ തോറും സൃഷ്ടിക്കൽ എന്നിവയും ആലോചനയിലുണ്ട്.

## അദ്ധ്യായം – 5

# വിഭവവസ്രോതസ്സുകളും വകയിരുത്തലുകളും

വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുക എന്നത് പരമ പ്രധാനമായ കാര്യമാണ്. പഞ്ചായത്തിന്റെ സ്വന്തം ഫണ്ട് വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരണം. നികുതി ചോർച്ച ഒഴിവാക്കി പിരിവ് ശക്തമാക്കണം പഞ്ചായത്തിലെ പലവീടുകളും വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. അത്തരം വീടുകൾ കണ്ടുപിടിച്ച് അതിന്റേതായ നികുതി ഈടാക്കണം. കെട്ടിട നികുതി പരിഷ്കരണം കുറ്റമറ്റരീതിയിൽ നടപ്പാക്കി നികുതി വരുമാനം പരമാവധി ഉയർത്തുന്നതിന് ശ്രദ്ധിക്കും. പ്രാദേശിക സാമ്പത്തിക വികസനത്തിനായി പുതിയ വ്യവസായ വാണിജ്യ സംരംഭങ്ങൾക്ക് സുതാര്യമായ രീതിയിൽ ലൈസൻസ് നൽകുന്നതിന് ശ്രമിക്കും. ഇതുമൂലം പഞ്ചായത്തിനും,

സർക്കാരിനും വരുമാന സ്രോതസ്സിൽ ഉയർച്ചയുണ്ടാകും എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതുവഴി തനത് ഫണ്ട് വർദ്ധിപ്പിക്കാവുന്നതാണ്. പദ്ധതി വിഹിതം കൂടാതെ എം.എൽ.എ, എം.പി ഫണ്ടുകൾ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകൾ, സന്നദ്ധസേവനങ്ങൾ ഗുണഭോക്തൃവിഹിതം എന്നിവയും ഉപയോഗപ്പെടു ത്താവുന്നതാണ്. ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കായി ബാങ്ക് വായ്പയും ഉപയോഗ പ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ ചില വീടുകൾ പുതുക്കിപണിതതിന്റെ നികുതി പുനർ നിർണ്ണയിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കും. മരുതറോഡ് ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളുടേയും ലൈസൻസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കും.

## 2023 – 24 വാർഷിക പദ്ധതിക്ക് വികസന ഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക

| ക്രമ നം. | വിഭാഗം | | ലഭ്യമാകുന്ന തുക |
|---|---|---|---|
| 1. | പൊതുവിഭാഗം | | |
| | 1.1 | സാധാരണ വിഹിതം | 26324000 |
| | 1.2 | കേന്ദ്രധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാന ഗ്രാന്റ്) | 5230800 |
| | 1.3 | കേന്ദ്രധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) * ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകർ മാത്രം* | 7845600 |
| | 1.4 | പ്രളയ ദുരിതാശ്വാസം പൊതുവിഭാഗം | 0 |
| | 1.5 | ആകെ (1+2) | 39400400 |
| 2. | പട്ടികജാതി ഉപപദ്ധതി | | 11956000 |
| | 2.1 | പ്രളയ ദുരിതാശ്വാസം പട്ടികജാതി ഉപപദ്ധതി | 0 |
| 3. | പട്ടിക വർഗ്ഗ ഉപപദ്ധതി | | 0 |
| | 3.1 | പ്രളയ ദുരിതാശ്വാസം പട്ടികവർഗ്ഗ ഉപപദ്ധതി | 0 |
| 4. | ആകെ വികസന ഫണ്ട് (1+2+3) | | 51356400 |

## 2023 – 24 വാർഷിക പദ്ധതിക്ക് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക

| ക്രമ നം. | വിഭാഗം | ലഭ്യമാകുന്ന തുക |
|---|---|---|
| 1. | റോഡിതരം | 4561000 |
| 2. | റോഡ് | 16965000 |
| 3. | ആകെ മെയിന്റനൻസ് (1+2) | 21526000 |

## പതിനാലാം പഞ്ചവത്സര പദ്ധതി
## Verification - Fund Wise Report 2023-2024

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : മരുതറോഡ് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | | | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗ സാധാരണ വിഹിതം | എസ്.സി.പി. | ടി.എസ്.പി. | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം | പ്രത്യേക ഗ്രാന്റ് | | | | | | | റോഡ് | റോഡിതരം | | |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| | | പൊതുവിഭാഗം | | | | | | | | | | | | | | | | | | |
| | | ഉത്പാദനം | | | | | | | | | | | | | | | | | | |
| 1 | 66 | മുറ്റത്തൊരു മീന്തോട്ടം | New | | 80000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120000 | 200000 |
| 2 | 79 | നെൽവിത്ത് സബ്സിഡി | New | | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 612000 | 1512000 |
| 3 | 80 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 4 | 81 | നെൽകൃഷി കൂലി ചിലവ് | New | | 6205000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2555000 | 3650000 | 0 | 0 | 182500 | 12592500 |
| 5 | 82 | പശു വിതരണം/ജനറൽ/ വനിത | New | വനിതാ ഘടക പദ്ധതി | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 800000 |
| 6 | 83 | പച്ചക്കറി കൃഷി-വനിത | New | വനിതാ ഘടക പദ്ധതി | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 285000 | 585000 |
| 7 | 84 | കാലിത്തീറ്റ വിതരണം-വനിത | New | വനിതാ ഘടക പദ്ധതി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 179000 | 279000 |
| 8 | 85 | ഫലവൃക്ഷത്തൈ കിറ്റ് | New | | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 16800 | 66800 |
| 9 | 86 | കാലിത്തീറ്റ വിതരണം-ജനറൽ | New | | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 179000 | 279000 |
| 10 | 90 | കുടുംബശ്രീ ജനകീയ ഹോട്ടൽപുതിയ കെട്ടിട നിർമ്മാണം-വനിത-രണ്ടാം ഘട്ടം | New | വനിതാ ഘടക പദ്ധതി | 1141000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 360000 | 600000 | 0 | 0 | 0 | 2101000 |
| | | ആകെ ഉത്പാദനം | | | 9276000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2915000 | 4250000 | 0 | 100000 | 1974300 | 18515300 |
| | | സേവനം | | | | | | | | | | | | | | | | | | |
| 11 | 2 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികൾ വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 12 | 17 | അർബുദ-പാലിയേറ്റീവ് രോഗികൾക്ക് ഹോമിയോ മരുന്നും അനുബന്ധ സാമഗ്രികളും | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 13 | 18 | അങ്കണഹിത കേരളം | New | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 14 | 19 | എസ്.എസ്.കെ. വിഹിതം നൽകൽ | New | | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 15 | 22 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം | New | കുട്ടികൾ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 16 | 23 | ജനകീയഹോട്ടൽ അനുബന്ധ ചിലവുകൾ | New | വനിതാ ഘടക പദ്ധതി | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 17 | 27 | സാക്ഷരത തുടർ വിദ്യാഭ്യാസം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 18 | 32 | ജി.എൽ.പി. സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 19 | 35 | വിവിധ അംഗൺ വാടി മെയിന്റനൻസ് | New | | 0 | 0 | 0 | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 900000 |
| 20 | 38 | കിണർ റീചാർജിംഗ് | New | | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 21 | 39 | പൊതുകുളങ്ങളുടെ സംരക്ഷണം | New | | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | | | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി. | ടി.എസ്.പി. | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം | പ്രത്യേക ഗ്രാന്റ് | | | | | | | റോഡ് | റോഡിതരം | | |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 22 | 40 | വൃദ്ധർക്ക് കട്ടിൽ | New | വൃദ്ധർ | 593790 | 0 | 0 | 0 | 0 | 0 | 0 | 0 | 58710 | 0 | 0 | 0 | 0 | 0 | 0 | 652500 |
| 23 | 41 | വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമ്മാണം | New | | 0 | 0 | 0 | 1922800 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1922800 |
| 24 | 42 | ടേക്ക് എ ബ്രേക്ക് | New | | 0 | 0 | 0 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 25 | 43 | പൈപ്പ് ലൈൻ മെയിന്റനൻസ് | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 26 | 44 | കമ്മ്യൂണിറ്റി സോക് പിറ്റ് നിർമ്മാണം | New | | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 27 | 45 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 28 | 47 | അങ്കണവാടി പോഷകാഹാര പരിപാടി ജനറൽ | New | | 2500000 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4000000 |
| 29 | 48 | ഐആർടിസിക്ക് തുകകൈമാറൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 30 | 51 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | New | കുട്ടികൾ | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 600000 | 0 | 0 | 0 | 2000000 |
| 31 | 52 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |
| 32 | 53 | ആർദ്രം പാലിയേറ്റീവ് കെയർ | New | പാലിയേറ്റീവ് കെയർ രോഗികൾ | 700000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 |
| 33 | 54 | പിഎച്ച്സിയിലേക്ക് ജീവൻ രക്ഷാ മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 34 | 55 | ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 35 | 56 | സമഗ്ര ആരോഗ്യ പരിപാടി | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 36 | 57 | പിഎച്ച്സിയിലേക്ക് ഫർണീച്ചർ വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 231000 | 0 | 231000 |
| 37 | 58 | ലാബിലേക്ക് റീ ഏജന്റും ഉപകരണങ്ങളും വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 38 | 59 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 150000 |
| 39 | 60 | പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 80000 | 0 | 80000 |
| 40 | 61 | പി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്കുള്ള വേതനം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1550000 | 0 | 1550000 |
| 41 | 63 | ഐ.കെ.എം ന് വിഹിതം നൽകൽ | New | | 126210 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 126210 |
| 42 | 64 | കോക്ലിയാർ ഇംപ്ലാന്റ് വിഹിതം നൽകൽ | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 43 | 65 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 44 | 67 | ലൈഫ് ഭവന നിർമ്മാണം-ജനറൽ-2023-24 | New | | 7897200 | 0 | 0 | 0 | 0 | 0 | 0 | 20000000 | 0 | 0 | 4102800 | 4000000 | 0 | 0 | 44000000 | 80000000 |
| 45 | 71 | വീട് വാസയോഗ്യമാക്കൽ - ജനറൽ 2023-24 | New | | 740800 | 0 | 0 | 0 | 0 | 0 | 0 | 0 | 1259200 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 46 | 72 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്കിലേക്ക് കൈമാറൽ-ജനറൽ | New | | 140000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 140000 |
| 47 | 75 | കുടിവെള്ള വിതരണം-വരൾച്ച | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 475000 | 0 | 0 | 0 | 0 | 0 | 0 | 475000 |

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | | | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി. | ടി.എസ്.പി. | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം | പ്രത്യേക ഗ്രാന്റ് | | | | | | | റോഡ് | റോഡിതരം | | |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 48 | 76 | എസ്.സി.എഫ് അനുബന്ധ സൗകര്യങ്ങൾ | New | | 0 | 0 | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 49 | 77 | എസ്.സി.എഫ്. വൈദ്യുതീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 50 | 78 | ബയോ കമ്പോസ്റ്റ്ബിൻ | New | | 0 | 0 | 0 | 222800 | 0 | 0 | 0 | 0 | 760 | 0 | 0 | 0 | 0 | 0 | 24840 | 248400 |
| | | ആകെ സേവനം | | | 15548000 | 0 | 0 | 8745600 | 0 | 0 | 1500000 | 20000000 | 4143670 | 0 | 4502800 | 4600000 | 0 | 4461000 | 44024840 | 107525910 |
| | | പശ്ചാത്തലം | | | | | | | | | | | | | | | | | | |
| 51 | 1 | വാർഡ് 1 ലെ വിവിധ റോഡുകളിലെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 52 | 3 | വാർഡ് 2 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 53 | 4 | വാർഡ് 3 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 54 | 5 | വാർഡ് 4 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 55 | 6 | വയോജന പാർക്ക് | New | | 700000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 |
| 56 | 10 | വാർഡ് 5 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 57 | 11 | വാർഡ് 6 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 58 | 12 | വാർഡ് 7 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 59 | 13 | വാർഡ് 8 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 60 | 14 | വാർഡ് 9 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 61 | 15 | വാർഡ് 10 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 62 | 20 | വാർഡ് 11 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 63 | 21 | വാർഡ് 12 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 64 | 24 | വാർഡ് 13 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 65 | 25 | വാർഡ് 14 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 66 | 26 | വാർഡ് 15 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 67 | 28 | വാർഡ് 16 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 900000 | 0 | 0 | 1000000 |
| 68 | 29 | വാർഡ് 17 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 900000 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 69 | 30 | വാർഡ് 18 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 900000 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 70 | 31 | വാർഡ് 19 ലെ വിവിധ റോഡുകളുടെ നവീകരണം | New | | 0 | 0 | 0 | 815400 | 0 | 0 | 0 | 0 | 184600 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 71 | 33 | പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണി | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2565000 | 0 | 0 | 2565000 |

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | | | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി. | ടി.എസ്.പി. | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം | പ്രത്യേക ഗ്രാന്റ് | | | | | | | റോഡ് | റോഡിതരം | | |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 72 | 34 | പി.എച്ച്.സി മെയിന്റനൻസ് | New | | 0 | 0 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 73 | 37 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് | New | | 0 | 0 | 0 | 915400 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 915400 |
| 74 | 91 | പഞ്ചായത്ത് ഓഫീസിൽ സ്റ്റോർ റൂം നിർമ്മാണം | New | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| | | **ആകെ പശ്ചാത്തലം** | | | 700000 | 0 | 0 | 4330800 | 0 | 0 | 0 | 0 | 2084600 | 0 | 0 | 0 | 16965000 | 0 | 0 | 24080400 |
| | | **ആകെ പൊതുവിഭാഗം** | | | 25524000 | 0 | 0 | 13076400 | 0 | 0 | 1500000 | 20000000 | 6228270 | 0 | 7417800 | 8850000 | 16965000 | 4561000 | 45999140 | 150121610 |
| | | **പട്ടികജാതി വിഭാഗം** | | | | | | | | | | | | | | | | | | |
| | | ഉത്പാദനം | | | | | | | | | | | | | | | | | | |
| 75 | 69 | വനിതാ സ്വയംതൊഴിൽ സംരംഭം എസ്.സി | New | വനിതാ ഘടക പദ്ധതി | 0 | 550000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 550000 | 1100000 |
| 76 | 87 | പശു വിതരണം വനിത എസ്.സി | New | വനിതാ ഘടക പദ്ധതി | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 500000 |
| 77 | 88 | ആടു വിതരണം വനിത എസ്.സി | New | വനിതാ ഘടക പദ്ധതി | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 400000 |
| 78 | 89 | കാലിത്തീറ്റ വിതരണം-എസ്.സി. വനിത | New | വനിതാ ഘടക പദ്ധതി | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 20000 | 0 | 0 | 0 | 0 | 0 | 41600 | 111600 |
| | | **ആകെ ഉത്പാദനം** | | | 0 | 1200000 | 0 | 0 | 0 | 0 | 0 | 0 | 20000 | 0 | 0 | 0 | 0 | 0 | 891600 | 2111600 |
| | | സേവനം | | | | | | | | | | | | | | | | | | |
| 79 | 36 | വിവാഹ ധനസഹായം | New | | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 80 | 46 | വയോജനങ്ങൾക്ക് കട്ടിൽ എസ്.സി | New | വൃദ്ധർ | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 100 | 0 | 0 | 0 | 0 | 0 | 0 | 200100 |
| 81 | 49 | അങ്കണവാടി പോഷകാഹാര പരിപാടി എസ്.സി | New | | 0 | 1000000 | 0 | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 82 | 50 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | New | | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 83 | 68 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | New | | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 0 | 0 | 500000 |
| 84 | 70 | ലൈഫ് ഭവന നിർമ്മാണം-എസ്.സി.പി. 2023-24 | New | | 0 | 2391200 | 0 | 0 | 0 | 0 | 0 | 15000000 | 0 | 0 | 5000000 | 4608800 | 0 | 0 | 33000000 | 60000000 |
| 85 | 73 | വീട് വാസയോഗ്യമാക്കൽ-പട്ടികജാതി 2023-24 | New | | 0 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 86 | 74 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്കിലേക്ക് കൈമാറൽ എസ്.സി.പി | New | | 0 | 225000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 225000 |
| | | **ആകെ സേവനം** | | | 0 | 8516200 | 0 | 0 | 0 | 0 | 500000 | 15000000 | 100 | 0 | 5400000 | 4608800 | 0 | 0 | 33000000 | 67025100 |
| | | **പശ്ചാത്തലം** | | | | | | | | | | | | | | | | | | |
| 87 | 7 | ആലംബള്ളം കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് | New | | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 88 | 8 | ചീനിക്കാട് കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് | New | | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 89 | 9 | എസ്.സി കോളനികളിൽ റോഡ് നിർമ്മാണം | New | | 0 | 1789800 | 0 | 0 | 0 | 0 | 0 | 0 | 210200 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| | | **ആകെ പശ്ചാത്തലം** | | | 0 | 2189800 | 0 | 0 | 0 | 0 | 0 | 0 | 210200 | 0 | 0 | 0 | 0 | 0 | 0 | 2400000 |
| | | **ആകെ പട്ടികജാതി വിഭാഗം** | | | 0 | 11906000 | 0 | 0 | 0 | 0 | 500000 | 15000000 | 230300 | 0 | 5400000 | 4608800 | 0 | 0 | 33891600 | 71536700 |

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | | | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി. | ടി.എസ്.പി. | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം | പ്രത്യേക ഗ്രാന്റ് | | | | | | | റോഡ് | റോഡിതരം | | |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 72 | 34 | ആകെ | | | 25524000 | 11906000 | 0 | 13076400 | 0 | 0 | 2000000 | 35000000 | 6458570 | 0 | 12817800 | 13458800 | 16965000 | 4561000 | 79890740 | 221658310 |

## അദ്ധ്യായം – 7

# പ്രത്യേക ഘടക പദ്ധതികൾ/പരിപാടികൾ

## പ്രത്യേക ഘടക പദ്ധതി

മരുതറോഡ് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് കഴിഞ്ഞ പദ്ധതി കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നും, പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2022-23 പദ്ധതി കാലയളവിൽ മേൽപ്പുര റിപ്പയർ, ലൈഫ് ഭവന നിർമ്മാണം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം, വിവാഹ ധനസഹായം, ഡിഗ്രി/ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, പട്ടികജാതി വനിതകൾക്ക് കറവപശു വിതരണം എന്നിവ നൽകാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പട്ടികജാതി വിഭാഗക്കാരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഇനിയും ആവശ്യമാണ്. അതുകൊണ്ടുതന്നെ ഈ വർഷത്തെ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന് വിവിധ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തുന്നു. പട്ടികജാതി യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം, വിവിധ മത്സര പരീക്ഷകൾ നേരിടുന്നതിനുള്ള പരിശീലനം പശുവിതരണം, വീട് അറ്റകുറ്റപണി, കുടുംബശ്രീ മുഖേനയുള്ള പദ്ധതികൾ എന്നിവ ആയതിൽ ചിലത് മാത്രം.

## വനിതാ ഘടക പദ്ധതി

മുൻ പദ്ധതി കാലയളവിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ദാരിദ്ര്യ കുടുംബത്തിലെ സ്ത്രീകളെ സംഘടിപ്പിച്ച് അവരുടെ കൂട്ടായ്മയിലൂടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കുടുംബശ്രീ, എ.ഡി.എസ്, സി.ഡി.എസ്. എന്നീ സംവിധാനങ്ങളുടെ സമന്വയം സംഘടിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീയിലൂടെ റിവോൾവിംഗ് ഫണ്ട് നൽകി സ്ത്രീകൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള സഹായം നൽകുന്നു. എന്നിരുന്നാലും സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ കുടുംബശ്രീകളും സ്വയം സഹായാ സംഘങ്ങളും തയ്യാറായി വരുന്നില്ല. ഈ വർഷവും വനിതാ ക്ഷേമ പദ്ധതികൾക്കായി വികസന ഫണ്ടിന്റെ 10 ശതമാനം തുക വകയിരുത്തുന്നുണ്ട്. ആയതിലൂടെ വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ജനകീയ ഹോട്ടൽ ശക്തിപ്പെടുത്തൽ വനിതാ സൂപ്പർമാർക്കറ്റ്, പശുവിതരണം, പലഹാര വണ്ടികൾ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നു.

## ശിശു, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പദ്ധതി

എല്ലാ വർഷങ്ങളിലെയും പദ്ധതികളിൽ മേൽ വിഭാഗക്കാരുടെ സേവനങ്ങൾക്കായി

വികസന ഫണ്ടിന്റെ 5 ശതമാനം തുക വകയിരുത്തി പദ്ധതികൾ ഏറ്റെടുക്കാറുണ്ട്. പാലിയേറ്റീവ് കെയർ, അങ്കണവാടി പോഷകാഹാര പദ്ധതി, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വയോജനങ്ങൾക്ക് കട്ടിൽ, അങ്കണവാടി സർഗ്ഗ പ്രതിഭ സംഗമം, ബാലസഭ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ശിശുക്കളുടെ ക്ഷേമത്തിനും അവരുടെ ആരോഗ്യപരവും ബുദ്ധിപരവുമായ വളർച്ചയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ അങ്കണവാടികളിലൂടെ സംജാതമാക്കുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതിന് ഉദ്ദേശിക്കുന്നു. അങ്കൻവാടികൾ ബാലസൗഹൃദമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

## അദ്ധ്യായം – 8
## വായ്പാ ബന്ധങ്ങൾ

മരുതറോഡ് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സമഗ്രവികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി തയ്യാറാക്കുമ്പോൾ വിവിധ ജനവിഭാഗങ്ങളിലെ വിഭവ വിന്യാസത്തിലുള്ള വ്യത്യാസം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നതാണ്. ആസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഈ കുറവ് പരിഹരിക്കുന്നതിന് വായ്പാബന്ധിതമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹകരണ ബാങ്കുകൾ, നാഷ്ണലൈസ്ഡ് ബാങ്കുകൾ, കുടുംബശ്രീ തുടങ്ങിയ ഇതര വായ്പാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. വായ്പാ പദ്ധതികളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിന് വരുമാനദായക പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തൊഴിലിനും ആസ്തി നിർമ്മാണത്തിനും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ബാങ്കുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വനിതകൾക്ക് കുടുംബശ്രീ യൂണിറ്റ്, തൊഴിൽ സംരംഭക പദ്ധതികൾക്കായി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, വനിതകൾക്ക് ഓട്ടോറിക്ഷ, വനിതകൾക്ക് കറവപശു വിതരണം തുടങ്ങിയ വായ്പാ ബന്ധിത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിൽ വിവിധ വായ്പാ ബന്ധിത പ്രോജക്ടുകൾ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

## അദ്ധ്യായം – 9
## സമഗ്ര പരിപാടികളും സമഗ്ര സംയോജന സാദ്ധ്യതകളും

അധികാര വികേന്ദ്രീകരണത്തിന്റെ അനന്ത സാധ്യതകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുന്നതിന് സമഗ്രസംയോജനം വഴിയുള്ള പദ്ധതികൾ സഹായകരമാണ്. ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ, ഇതരവകുപ്പുകൾ, കേന്ദ്ര പദ്ധതികൾ എന്നിവയുമായി സംയോജിപ്പിച്ച് മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്

നേട്ടങ്ങളായിട്ടുണ്ട്. ദീർഘദൂര കാഴ്ചപ്പാടോടെ സുസ്ഥിരവും സമഗ്രവുമായ പദ്ധതികൾ വലിയ മുതൽ മുടക്കിൽ നടപ്പിലാക്കുന്നതിന് സംയോജിത പദ്ധതികൾ സഹായകരമാകുന്നതാണ്. ശുചിത്വം, ഗതാഗതം, കുടിവെള്ളം, ജലസേചനം, കൃഷി വൈദ്യുതി മേഖലകളിൽ സംയോജിത പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ത്രിതല പഞ്ചായത്തുകളുടെ കാര്യമായ ഇടപെടലോടെ ഭവനം, ഗതാഗതം, കുടിവെള്ളം എന്നീ മേഖലകളിലുണ്ടായ മുന്നേറ്റം ഭാവി പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗദർശകമാവുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ സംവിധാനം തുടങ്ങിയ സാദ്ധ്യതകൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും കാർഷിക മേഖലയിലും ജൈവകൃഷി രംഗത്തും സംയോജിത പദ്ധതി നടപ്പിലാക്കുന്നതിന് ഈ സംവിധാനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഏതേത് മേഖലകളിൽ സഹകരണം ആവശ്യമാണെന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യുന്നതാണ്.

കുടുംബശ്രീയും പഞ്ചായത്തും ചേർന്ന് വിപണിയിൽ നേരിട്ടിടപ്പെട്ട് കർഷകനും ഉപഭോക്താവിനും ഇടത്തട്ട്കാരന്റെ ചൂഷണത്തിൽ നിന്നും ഒഴിവാകുന്നതിന് കാർഷിക ഉത്പന്ന വിപണനകേന്ദ്രങ്ങൾ തുറക്കുന്നതിന് പദ്ധതിയിട്ടുണ്ട്. മറ്റ് തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്.

## അദ്ധ്യായം – 10
## മോണിറ്ററിംഗ്

മരുതറോഡ് ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളായി ബന്ധപ്പെട്ട മേഖലയിൽ അനുഭവ പരിചയവും പ്രാവീണ്യവും ഉള്ള വ്യക്തികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ അല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥൻ കൺവീനർ ആയുള്ള മോണിറ്ററിംഗ് കമ്മിറ്റി ഓരോ പദ്ധതികളുടെയും നിർവ്വഹണാരംഭം മുതൽ പൂർത്തീകരണം വരെ മോണിറ്ററിംഗ് നടത്തി 100 ശതമാനം ഫലപ്രദമായി പദ്ധതിയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയും എന്നാണ് ഭരണ സമിതി കരുതുന്നത്. വാർഷിക പദ്ധതികളുടെയും പഞ്ചവത്സര പദ്ധതികളുടെയും നടത്തിപ്പ് നിശ്ചിത രീതിയിൽ ലക്ഷ്യം കൈവരിക്കുവാൻ പര്യാപ്തമായി ആണോ നടപ്പിലാക്കുന്നത് എന്ന് നിരീക്ഷിക്കുകയും പരിശോധിച്ച് ഉറപ്പ് വരുത്തുകയും പോരായ്മ ഉണ്ടെങ്കിൽ അതാതു സമയം ഇടപ്പെട്ട് പരിഹരിക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുന്നതിന് മുന്നോടിയായി പ്രദേശത്ത് ഗുണഭോക്താക്കളുടെ യോഗം വിളിച്ച് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും പ്രവൃത്തി സംബന്ധിച്ച് വിശദമായ വിവരങ്ങൾ നൽകേണ്ടത് മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ

പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ നിയമാനുസൃതം സമയബന്ധിതമായി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ഉത്തരവാദിത്വം ആയിരിക്കും. നിയമാനുസൃതം നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നു എന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി കൺവീനർ ഉറപ്പുവരുത്തേണ്ടതാണ്. ടെണ്ടർ രീതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ സുതാര്യതയും പ്രവർത്തനമേന്മയും ഉറപ്പുവരുത്തുന്നതിന് പ്രാദേശിക ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്നതാണ്. മോണിറ്ററിംഗ് സമിതികൾ ആവശ്യാനുസരണം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം യോഗങ്ങൾ ചേരുന്നതിനും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഏർപ്പെടുത്തുന്നതാണ്.